# ആൻഡേർസൻ കഥകൾ

പ്രകാശകർ,
വി. പി. പ്രസ്സ് & ബുക്ക്ഡിപ്പോ,
കൊല്ലം.

# ആൻഡേർസൻ കഥകൾ

(നാലാം ക്ലാസ്സിലേക്കു്)

P K Annamma

പ്രകാശകർ,

'വിജ്ഞാനപോഷിണി' പ്രസ്സ് & ബുക്കുഡിപ്പോ,

കൊല്ലം.

VIGNANA POSHINI PRESS & BOOK-DEPOT, QUILON

വില അണ 8.

പകർപ്പവകാശം പ്രകാശകരിൽ

കൊല്ലം "വിജ്ഞാനപോഷിണി" പ്രസ്സിൽ
അച്ചടിച്ചതു്.

1124

928 (742) 1123 1010 (742)

# ആൻഡേർസൻ കഥകൾ

## 1. കൊററികൾ

ഗ്രാമപ്രദേശത്തെ ഒരു വീട്ടിന്റെ മുകളിൽ ഒരു കൊക്കിന്റെ കൂടുണ്ടായിരുന്നു. അതിൽ കുഞ്ഞുങ്ങളോടുകൂടി തള്ളക്കൊക്കു കൂട്ടിലിരിക്കുകയായിരുന്നു. അല്പം കറുത്ത ചുണ്ടുകളോടുകൂടിയ ആ കുഞ്ഞുങ്ങൾ കൂട്ടിന്റെ പുറത്തേയ്ക്കു തല നീട്ടിക്കൊണ്ടിരുന്നു. ആ കൂടുവിട്ട് അല്പം അകലെ മേൽക്കൂരയിൽ ഒരു കാൽ ഉയർത്തി മടക്കിപ്പിടിച്ചുകൊണ്ട് ആൺകൊക്കു നില്ക്കുന്നുണ്ടായിരുന്നു. തടികൊണ്ടു പണിഞ്ഞുവച്ചതാണോ എന്നു തോന്നുമാറു നിശ്ചേഷ്ടമായിരുന്നു അതിന്റെ നില. കുഞ്ഞുങ്ങളുടെ അച്ഛനായ ആ കൊക്ക് ഇങ്ങനെ വിചാരിച്ചു: "കൂട്ടിനടുത്ത്, എന്റെ ഭാര്യയുടെ കാവൽക്കാരനായിട്ടാണു ഞാൻ നില്ക്കുന്നതെന്നു വല്ലവരും കരുതുന്നുവെങ്കിൽ അതു കൊള്ളാം. ഞാൻ അവളുടെ ഭർത്താവാണെന്ന് ആർക്കും അറിയാൻ കഴികയില്ല. ഞാൻ ഇവിടെ കാവൽ നില്ക്കുന്നവനാണെന്നുതന്നെ കാണുന്നവർ വിചാരിച്ചുകൊള്ളട്ടെ. ഭേഷ്!" കൊക്ക് ഒററക്കാലിൽത്തന്നെ അങ്ങനെ നിലകൊണ്ടു.

താഴത്തെ തെരുവീഥിയിൽ കളിച്ചുകൊണ്ടിരുന്ന ഒരുസംഘം കുട്ടികൾ ആ കൊക്കുകളെ കണ്ടു. അവരിൽ ഏററവും കരുത്തുകൂടിയവൻ കൊക്കുകളെക്കുറിച്ചുള്ള ഒരു പഴയ പാട്ടുപാടി. മററുള്ള കുട്ടികളെല്ലാവരുംകൂടി ആ പാട്ട് ഏററുപാടി:

കൊക്കേ കൊക്കേ കൂടുകളിൽ
വേഗം വേഗം പാറിപ്പോ
ഒററക്കാലിൽ നില്ക്കാതെ
ചെററും നേരംപോക്കാതെ

ക്കൂട്ടിൽ താവക ദാരങ്ങൾ
ഓമൽകുഞ്ഞിനെ ലാളിപ്പൂ
ഒന്നാമത്തെക്കൊക്കിനെ നാം
തൂക്കിക്കൊല്ലാൻ പോവുന്നു
രണ്ടാമത്തെക്കൊക്കിനെ നാം
തീയിൽച്ചുട്ടു പൊരിച്ചീടും
മൂന്നാമത്തെക്കൊക്കിനെ നാം
കൊല്ലും വെടിയാൽ കില്ലില്ല
നാലാമത്തെക്കൊക്കിനെ നാം
കുത്തിക്കൊല്ലാൻ പോവുന്നു.

ബാലന്മാരുടെ പാട്ടു കേട്ടപ്പോൾ ക്കൂട്ടിലെ കൊക്കിൻ കുഞ്ഞുങ്ങൾ ഇങ്ങനെ പറഞ്ഞു:—"ബാലന്മാർ പാടുന്ന തെന്താണെന്നു ശ്രദ്ധിക്കുക. ഞങ്ങളെ കൊന്നു പൊരിച്ചു തിന്നുമെന്നാണ് അവർ പറയുന്നതു"." അപ്പോൾ തള്ള ക്കൊക്ക് ആ കുഞ്ഞുങ്ങളെ ഇങ്ങനെ ആശ്വസിപ്പിച്ചു. "നിങ്ങൾ ആ പാട്ടു വകവയ്ക്കേണ്ട. അവർ പാടുന്നതെ ന്താണെന്നു ശ്രദ്ധിക്കേണ്ട. അവർ എന്തെങ്കിലും പാടി ക്കൊള്ളട്ടെ."

കൊക്കുകളുടെ നേക്കു വിരൽ ചൂണ്ടിക്കൊണ്ടു ബാല ന്മാർ അവരുടെ പാട്ടു തുടൎന്നുകൊണ്ടിരുന്നു. ആ പാവ പ്പെട്ട കൊക്കുകളെ പരിഹസിക്കുന്നതു തെററാണെന്നും അതിൽ താൻ പങ്കെടുക്കുന്നതല്ലെന്നും അവരിൽപെട്ട 'പീററർ' എന്ന ബാലൻ പറഞ്ഞു. തള്ളക്കൊക്കു വീണ്ടും തൻെറ കുഞ്ഞുങ്ങളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. "അവരുടെ പാട്ടു വകവയ്ക്കേണ്ടാ. അതു് അശേഷം വകവയ്ക്കാതെ. നിങ്ങളുടെ അച്ഛൻ അവിടെ ഒററക്കാ ലിൽ നില്ക്കുന്നതു നോക്കുക." "ഞങ്ങൾക്കു പേടിയാവുന്നു" എന്നു പറഞ്ഞുകൊണ്ടു് കുഞ്ഞുങ്ങൾ തലകൾ ക്കൂട്ടിനകത്തേക്കു വലിച്ചു.

പിറേറദ്ദിവസം ബാലന്മാർ കളിക്കുവാൻ വീണ്ടും ഒന്നിച്ചുകൂടുകയും കൊക്കുകളെ കാണുകയും ചെയ്തപ്പോൾ അവർ ഇങ്ങനെ പാടി:—

"ഒന്നാമത്തെക്കൊക്കിനെ നാം
തൂക്കിക്കൊല്ലാൻ പോവുന്നു
രണ്ടാമത്തെക്കൊക്കിനെ നാം
തീയിൽചുട്ടു പൊരിച്ചീടും."

"ഞങ്ങളെ അവർ കൊന്നു പൊരിച്ചുതിന്നുമോ?" കുഞ്ഞുങ്ങൾ ഉൽക്കണ്ഠയോടെ ചോദിച്ചു. തള്ള ഇങ്ങനെ മറുപടി നൽകി: "ഒരിക്കലും ഇല്ല. ഞാൻ നിങ്ങളെ പറക്കുവാൻ പഠിപ്പിക്കും. നമുക്കൊന്നിച്ചു ചതുപ്പുനിലങ്ങളിലേക്കു പറക്കാം; അവിടെ 'ക്രോ ക്രോ' എന്നു പാടിക്കൊണ്ടിരിക്കുന്ന തവളകളെ നമുക്കു സന്ദർശിക്കാം; എന്നിട്ട് അവയെ നമുക്കു ഭക്ഷിക്കാം; അതു് ഒരു നേരംപോക്കായിരിക്കും."

"പിന്നെ നമ്മളെന്തുചെയ്യും?" കുഞ്ഞുങ്ങൾ ചോദിച്ചു.

"പിന്നെ, രാജ്യത്തുള്ള കൊക്കുകളെല്ലാം ഒന്നിച്ചുകൂടും. അപ്പോൾ നിങ്ങൾക്കു നല്ലവണ്ണം പറക്കുവാൻ പ്രാപ്തിയുണ്ടായിരിക്കണം. നിങ്ങളിൽ ശരിക്കു പറക്കാൻ കഴിയാത്തവരുണ്ടെങ്കിൽ അവരെ തലവനായ കൊക്കു് കൊത്തിക്കൊല്ലും. അതിനാൽ പറക്കുന്നകാര്യത്തിൽ നിങ്ങൾ കരുതലുള്ളവരായിരിക്കുവിൻ."

"അപ്പോൾ, കുട്ടികൾ പറഞ്ഞതുപോലെ ഞങ്ങൾ കൊല്ലപ്പെടും; അതാ, കേൾക്കുക, അവർ ആ പാട്ടു വീണ്ടും പാടുന്നു" കുഞ്ഞുങ്ങൾ പറഞ്ഞു.

തള്ളക്കൊക്കു് ഇങ്ങനെ മറുപടികൊടുത്തു: "ഞാൻ പറയുന്നതെന്താണെന്നു കേൾക്കുക; അവർ പാടുന്നതു ശ്രദ്ധിക്കേണ്ടാ. നമ്മൾ ഇവിടെനിന്നു വളരെ വളരെ അകലെയുള്ള പച്ചതങ്ങളിലേക്കും വനങ്ങളിലേക്കും പറന്നു

പോകും. നമ്മൾ ഈജിപ്ത് എന്ന രാജ്യത്തിൽ പറന്നെത്തും. അവിടെ മേഘമാർഗ്ഗങ്ങളെ ലംഘിച്ചുനിൽക്കുന്ന അത്യുന്നതങ്ങളായ ശിലാസ്തംഭങ്ങളുണ്ട്; അവിടെ കരകവിഞ്ഞൊഴുകുന്ന ഒരു നദിയുണ്ട്; അതിന്റെ ഈറൻകരകളിൽനിന്നു നമുക്കു തവളകളെ കൊത്തിയെടുക്കാം."

"ഹാ! എത്ര നന്നായിരിക്കുന്നു!" കുഞ്ഞുങ്ങൾ ആഹ്ളാദിച്ചു.

"അതെ, അതു് എത്ര ആനന്ദകരമായ ഒരു ജീവിതമാണ്! തിന്നുകയല്ലാതെ മറെറാരു തൊഴിലും ചെയ്യേണ്ടാ; സുഖത്തിലും സമൃദ്ധിയിലും ജീവിക്കാം. ഇവിടെ വളരെ തണുപ്പാണ്; മേഘങ്ങൾ തണുത്തു വിറങ്ങലിച്ചു കഷണം കഷണങ്ങളായി ചിതറിപ്പോകുന്നു."

മഞ്ഞിനെ ഉദ്ദേശിച്ചാണു തള്ളക്കൊക്കു പറഞ്ഞതു്. അതിലും മെച്ചമായി വർണ്ണിക്കാൻ അതിനു കഴിവുണ്ടായിരുന്നില്ല.

"ആ കുസൃതികളായ ബാലന്മാരും ഇങ്ങനെ വിറങ്ങലിച്ചു ചിതറിപ്പോകുമോ?" കൊച്ചുകൊക്കുകൾ ചോദിച്ചു.

"ഇല്ല; അവർ ചിന്നിച്ചിതറിപ്പോകയില്ല. അവക്ക് അടച്ചിരിക്കാൻ ഇരുട്ടുമുറികൾ ഉണ്ട്. നിങ്ങൾക്ക് വിദേശത്തു സ്വാതന്ത്ര്യമായി പറന്നു സഞ്ചരിക്കാം; അവിടെ പുഷ്പങ്ങളുണ്ട്; അവിടെ സൂര്യൻ ചൂടു നല്കുന്നു."

കുറേനാളുകൾ ഇങ്ങനെ കഴിഞ്ഞു. കുഞ്ഞുങ്ങളായിരുന്ന കൊക്കുകൾ കുറേക്കൂടി വളൎന്നു. അച്ഛൻ തവളകളെയും പാമ്പുകളെയും മററു കൊച്ചുജന്തുക്കളെയും കൊത്തിക്കൊണ്ടുവരുന്നതു കാണുവാൻ അവ കൂട്ടിൽ എഴുന്നേററു നിൽക്കത്തക്ക പ്രായത്തിലെത്തി. ഒരിക്കൽ തള്ളക്കൊക്കു കുഞ്ഞുങ്ങളോടു് ഇങ്ങനെ പറഞ്ഞു:

"ഇനി നിങ്ങൾ പറക്കാൻ പഠിക്കണം."

കൂട്ടിൽനിന്നു് അവ പുറത്തിറങ്ങി, പുരപ്പുറത്തു നിന്നു. എത്ര ശ്രമിച്ചിട്ടും പറക്കാൻ കഴിയാതെ അവ മറിഞ്ഞുവീഴാൻ ഭാവിക്കുകയാണു് ചെയ്തതു്.

"എന്നെ നോക്കുക, തല ഇങ്ങനെയിരിക്കണം, കാലുകൾ ഇങ്ങനെ വെയ്ക്കണം, ഒന്നു്, രണ്ടു്; ഒന്നു്,രണ്ടു്; ഇങ്ങനെയാണു ലോകത്തു ജീവിക്കേണ്ടതു്." എന്നു പറഞ്ഞു തള്ളക്കൊക്കു് അല്പദൂരം പറന്നു കാണിച്ചു. കുഞ്ഞുങ്ങൾ വികൃതമായ ഒരു ചാട്ടംകൊടുത്തു. പറന്നുയരാൻ കഴിയാതെ അവ വിഷമിച്ചു; അവ താഴ്ന്നുവീണുപോയി.

അവയിൽ ഒന്നു് ഇങ്ങനെ പറഞ്ഞു: "എനിക്കു പറക്കേണ്ടാ; ഞാൻ കൂട്ടിൽ കടന്നിരുന്നുകൊള്ളാം. എന്തിനു ചൂടുകൂടുതലുള്ള മറുനാട്ടിൽ പോവാൻ ഞാൻ ഉത്സാഹിക്കുന്നു?"

"തണുപ്പുകാലം വരുമ്പോൾ നീ മരവിച്ചു മരിക്കാനാണോ ആഗ്രഹിക്കുന്നതു്? ആ ബാലന്മാർ നിന്നെ കൊന്നു പൊരിച്ചുതിന്നാൻ വരണം, അല്ലേ? ഞാൻ അവരെ ഇപ്പോൾ വിളിക്കും."

"വേണ്ടാ, വേണ്ടാ," എന്നുപറഞ്ഞു് ആ കൊച്ചുകൊക്കു കൂട്ടിൽനിന്നു പുറത്തുചാടി മറ്റേ കുഞ്ഞുങ്ങളുടെ കൂട്ടത്തിൽ വന്നുചേർന്നു.

മൂന്നാംദിവസം അവയ്ക്കു് അല്പദൂരം പറക്കാൻ കഴിയുമെന്നായി. അപ്പോൾ ബാലന്മാർ താഴത്തെ തെരുവീഥിയിൽ വീണ്ടും വന്നു പാട്ടുപാടി.

"നമുക്കു പറന്നു താഴത്തുചെന്നു അവരുടെ കണ്ണുകൾ കൊത്തിയെടുക്കരുതോ?" കൊച്ചുകൊക്കുകൾ ചോദിച്ചു.

അപ്പോൾ തള്ളക്കൊക്കു് ഇങ്ങനെ ഉപദേശിച്ചു: "വേണ്ടാ, ഞാൻ പറയുന്നതു കേൾക്കുക; ഒന്നു്, രണ്ടു്, മൂന്നു്, നമുക്കു വലത്തോട്ടു പറക്കാം. ഒന്നു്, രണ്ടു്, മൂന്നു്, നമുക്കു് ഇടത്തോട്ടു പറക്കാം. ഇപ്പോൾ ഇതു് ശരി

യായി. നാളെ എന്നോടൊന്നിച്ചു പാടങ്ങളിലേക്കു പറക്കുവാൻ നിങ്ങളെ അനുവദിക്കാം. അവിടെ നമുക്കു നല്ല കൊക്കുകളുടെ പല കുടുംബങ്ങളേയും കാണാം. എൻെറ കുഞ്ഞുങ്ങളാണ് ഏററവും നല്ലവരെന്നു നിങ്ങൾ തെളിയിക്കണം."

"ആ വികൃതിക്കുട്ടികളുടെനേക്ക് നമുക്കു പ്രതികാരം ചെയ്യേണ്ടയോ?"

"അവക്കു തോന്നിയതു് അവർ പറഞ്ഞുകൊള്ളട്ടെ. നിങ്ങൾ മേഘങ്ങളോളം ഉയൻ പറന്നു് ശിലാസ്തംഭങ്ങളുടെ നാട്ടിലെത്തും. അവർ ഇവിടെ തണുത്തു വിറങ്ങലിച്ചുകിടക്കും."

"ഞങ്ങൾ അവരോടു പ്രതികാരം ചെയ്യും" എന്നു തമ്മിൽ പറഞ്ഞുകൊണ്ടു് അവ പറക്കുവാനുള്ള അഭ്യാസങ്ങൾ നടത്തിക്കൊണ്ടിരുന്നു.

അവയുടെ പ്രതികാരബുദ്ധിയെല്ലാം തങ്ങളെ പരിഹസിച്ചു് ആദ്യം പാട്ടുപാടുന്ന ബാലൻെറ നേക്കായിരുന്നു. അവനു് ആറു വയസ്സിൽ കൂടുതൽ പ്രായം ഉണ്ടായിരുന്നില്ല. എന്നാൽ തങ്ങളുടെ അച്ഛനമ്മമാരെ അപേക്ഷിച്ചു് അവൻ വളരെ വലുതായിരുന്നതിനാൽ അവനു് ഒരു നൂറു വയസ്സു പ്രായമുണ്ടായിരിക്കുമെന്നു കൊക്കുകൾ വിചാരിച്ചു. ആ കൊക്കുകൾ വലുതാകുന്തോറും അവയുടെ പ്രതികാരബുദ്ധിയും വലുതായി. കോപം പ്രായത്തിനൊത്തു് അവരിൽ വദ്ധിച്ചുവരുന്നു. പ്രതികാരം വീട്ടുവാൻ അവയ്ക്കു തള്ളക്കൊക്കു് അനുവാദം നൽകി. എന്നാൽ അങ്ങനെ ചെയ്യുന്നതു് അവ ആ നാടുവിടുന്ന ദിവസമേ ആകാവൂ എന്നു് തള്ള നിഷ്കഷിച്ചു.

പറക്കുവാനുള്ള പരിശീലനങ്ങൾ അവ എന്നും നടത്തിക്കൊണ്ടിരുന്നു. ഒടുവിൽ അവ വിഷമംകൂടാതെ നേരെ പറന്നുതുടങ്ങി; അതു രസകരമായ ഒരു കാഴ്ചയായിരുന്നു.

വസന്തകാലം വന്നു. കൊക്കുകൾ ഒന്നിച്ചുകൂടി വിദേശത്തേക്കു പ്രയാണം ചെയ്‌വാൻ ആലോചന തുടങ്ങി. അവയ്ക്കു് ഗ്രാമങ്ങളും കാടുകളും മലകളും കടന്നുപോകേണ്ടതുണ്ടായിരുന്നു. കൊച്ചുകൊക്കുകൾക്കു കിട്ടിയ തവളകളേയും പാമ്പുകളേയും അവ ഭക്ഷിച്ചു.

"ഇനി നമുക്കു പകവീട്ടണം" അവ പറഞ്ഞു.

"തീർച്ചയായും. അതിനു് ഏററവും പററിയ ഒരു കാര്യം ഞാൻ കണ്ടുവച്ചിരിക്കുന്നു" തള്ളക്കൊക്കു പറഞ്ഞു. "മനുഷ്യക്കുഞ്ഞുങ്ങൾ ശയിക്കുന്ന ഒരു ജലാശയം എനിക്കറിയാം. അച്ഛനമ്മമാരുടെ അടുക്കൽ തങ്ങളെക്കൊണ്ടുപോകാൻ കൊക്കു വരുന്നതുംകാത്തു് ആ കുഞ്ഞുങ്ങൾ കഴിയുകയാണു്. ആനന്ദകരങ്ങളായ സ്വപ്നങ്ങളിൽ മുഴുകി ആ അരുമക്കുഞ്ഞുങ്ങൾ ഉറങ്ങുന്നു. ഈ ഒരു കുഞ്ഞിനെ കിട്ടാൻ മതാപിതാക്കൾക്കും, സഹോദരങ്ങളായ കുട്ടികൾക്കും ആശയുണ്ടു്. നമുക്കു് ജലാശയത്തിൽ പറന്നുചെന്നു് ഒരു കുഞ്ഞിനെ കൊണ്ടുവരാം. കൊക്കുകളെ പരിഹസിച്ചു പാട്ടുപാടിയിട്ടില്ലാത്തവക്കു് അതിനെ നൽകാം."

അപ്പോൾ കൊച്ചുകൊക്കുകൾ തള്ളയോടു ചോദിച്ചു: "എല്ലാവക്കും മുമ്പേ നമ്മെ പരിഹസിച്ചു പാടിയ ആ വികൃതിക്കുട്ടിയുടെ നേക്കു് നാം എന്താണുചെയ്യേണ്ടതു്?" ആ ചോദ്യത്തിനു തള്ള പ്രതിവചിച്ചു: "ആ കുളത്തിൽ ചത്തുകിടക്കുന്ന ഒരു കുഞ്ഞുണ്ടു്. അതിനെ എടുത്തു് ആ വികൃതിക്കുട്ടിക്കു കൊടുക്കാം. അപ്പോൾ മൃതനായ സഹോദരനെ ലഭിച്ച സങ്കടംകൊണ്ടു് അവൻ കരയും. കൊക്കുകളെ പരിഹസിക്കുന്നതു തെററാണെന്നു പറഞ്ഞ ആ നല്ല കുട്ടിക്കു് ഒരു സഹോദരനേയും ഒരു സഹോദരിയേയും നമുക്കു കൊണ്ടുകൊടുക്കാം. അവൻെറ പേരു് പീററർ എന്നായതിനാൽ എല്ലാ കൊക്കുകളും പീററർ എന്നു വിളിക്കപ്പെടണം." തള്ളക്കൊക്കു പറഞ്ഞപ്രകാരം പ്രവർത്തിക്കപ്പെട്ടു.

---

## 2. അപ്സരസ്സ്

ഒരു മൃതശിശുവിനെ വഹിച്ചുകൊണ്ടു സ്വർഗ്ഗത്തേലേക്കു പറന്ന ഒരു അപ്സരസ്സ് ഇങ്ങനെ പറഞ്ഞു:—

"നല്ലൊരു ശിശു മരിക്കുമ്പോൾ സ്വർഗ്ഗത്തുനിന്ന് ഒരു അപ്സരസ്സ് ഇറങ്ങിവന്ന് ആ മൃതശിശുവിനെ കൈകളിൽ വഹിച്ചുകൊണ്ടു ചിറകുകൾ വിടർത്തി പറന്നു പോകുന്നു. ആ ശിശു പുഷ്പങ്ങളുമായി കളിച്ചുകൊണ്ടിരുന്ന സ്ഥലങ്ങളെയെല്ലാം പോകുന്നവഴിയ്ക്ക് അപ്സരസ്സ് സന്ദർശിക്കയും വീണ്ടും സ്വർഗ്ഗത്തേക്കു പറക്കുകയും ചെയ്യുന്നു. സ്വർഗ്ഗത്ത് എത്തുമ്പോൾ അതേ പുഷ്പങ്ങൾ അവിടെ കൂടുതൽ മനോഹരങ്ങളായി നിന്ന് ശിശുവിനെ സ്വാഗതം ചെയ്യുന്നു."

അപ്സരസ്സിൻെറ വാക്കുകൾ ആ ശിശു സ്വപ്നത്തിലെന്നപോലെ ശ്രവിച്ചു. അവർ, ആ ശിശുവിൻെറ മനോഹരമായ കളിസ്ഥലങ്ങളെയും പൂക്കളെയും സന്ദർശിക്കയുണ്ടായി.

"സ്വർഗ്ഗത്തിൽ കൊണ്ടുപോയി നട്ടുവളർത്തുന്നതിനു നാം ഇവിടെനിന്ന് ഏതു പുഷ്പത്തെയാണ് തിരഞ്ഞെടുക്കേണ്ടതു്" അപ്സരസ്സ് ശിശുവിനോടു ചോദിച്ചു.

അവിടെ അസാധാരണ ഭംഗിയുള്ള ഒരു പനിനീർച്ചെടി നിന്നിരുന്നു. എന്നാൽ ഏതോ വികൃതിക്കുട്ടി അതിൻെറ കവരങ്ങൾ പിടിച്ചൊടിച്ചുകളഞ്ഞതിനാൽ അവ പകുതിവിടർന്ന പുഷ്പങ്ങളോടുകൂടി ചാഞ്ഞുകിടക്കുകയായിരുന്നു.

"അയ്യോ, ആ പ്രിയപ്പെട്ട ചെടി ആരോ ഒടിച്ചിട്ടിരിക്കുന്നു" എന്നുപറഞ്ഞു് ശിശു നെടുവീർപ്പിട്ടു. "അതു് എടുത്തുകൊണ്ടുപോയി നമുക്കു സ്വർഗ്ഗത്തിൽ നട്ടുവളർത്താം."

അപ്സരസ്സ് ആ ശിശുവിനെ ചുംബിച്ചുകൊണ്ട് പനിനീർച്ചെടിയെടുത്തു. ശിശുവിൻെറ കൊച്ചുനയനങ്ങൾ തുറന്നു. അവർ വേറെയും പുഷ്പങ്ങളും ചെടികളും സംഭരിച്ചു. എന്നിട്ടും അവർ അപ്പോൾ സ്വർഗ്ഗത്തേക്കു പോയില്ല. അവർ ആ വലിയ പട്ടണത്തിലെ ഏററവും ഇടുങ്ങിയ ഒരു തെരുവീഥിയുടെ മുകളിൽക്കൂടി പറന്നുകൊണ്ടിരുന്നു. അവിടെ ആ തെരുവീഥിയിൽ ഉണങ്ങിയ പുല്ലുകളും ചാരവും ഉടഞ്ഞ പാത്രക്കഷണങ്ങളും കറുത്ത കീറത്തുണികളും മററും കൂടിക്കിടന്നിരുന്നു.

ഉപയോഗശൂന്യമായി അവിടെ കിടന്നിരുന്ന ഉടഞ്ഞ ഒരു പുഷ്പപാത്രവും ഉണങ്ങിക്കിടന്നിരുന്ന ഒരു പൂച്ചെടിയുടെ വേരും എടുത്തുകൊണ്ട് അപ്സരസ്സ് പറഞ്ഞു: "ഇവ എന്തിനാണെന്നു പറന്നുപോകുന്ന വഴിയിൽവെച്ചു ഞാൻ നിനക്കു വിവരിച്ചുതരാം" എന്നു പറഞ്ഞു് അവർ പറന്നു. അപ്സരസ്സ് ഇങ്ങനെ തുടങ്ങി:

"ആ താഴത്തെ ഇടുങ്ങിയ തെരുവീഥിയിലുള്ള ഒരു മാടത്തിൽ പാവപ്പെട്ട രോഗിയായ ഒരു ബാലൻ താമസിച്ചിരുന്നു. അവൻെറ നല്ലകാലത്തു് അവനു ഊന്നുവടിയോടെ നടക്കുവാൻ കഴിഞ്ഞിരുന്നു. മഴക്കാലത്തു് അപൂർവ്വം ചില ദിവസങ്ങളിൽ മാത്രം അവനു സൂര്യപ്രകാശം ലഭിച്ചു. ഒരിക്കൽ അവൻ വെളിയിലിരുന്നു വെയിൽ കായുകയായിരുന്നു. തൻെറ ഒരു വിരലിൽനിന്നു് രക്തം പ്രവഹിക്കുന്നതു കണ്ടു് അവൻ അത്ഭുതപ്പെട്ടു. അന്നു് അവൻ പുറമേ പോയിരുന്നു. തൻെറ ഒരു അയൽവാസിയുടെ പുത്രൻമുഖേനയാണു് അടുത്തുണ്ടായിരുന്ന പച്ചക്കാടിനെപ്പററി അവൻ അറിഞ്ഞതു്. ഒരിക്കൽ തൻെറ കൂട്ടുകാരൻ കൊണ്ടുവന്ന പുഷ്പങ്ങളുടെ കൂട്ടത്തിൽ വേരോടുകൂടിയ ഒരു പുഷ്പം ഉണ്ടായിരുന്നു. അതിനെ അവൻ ഒരു ചെടിച്ചട്ടിയിൽ

വെച്ചു തൻെറ കിടക്കയ്ക്കു സമീപത്തു സൂക്ഷിച്ചിരുന്നു. ആ ചെടി മുട്ടപിടിച്ചു വളൎന്നു. അതിൽനിന്നു പുതിയ കവരങ്ങളും പുഷ്പങ്ങളും ഉണ്ടായി. കൊല്ലംതോറും അതു സമൃദ്ധമായി തഴച്ചുവളൎന്നു. ആ ചെടിയായിരുന്നു ആ ബാലൻെറ പൂന്തോട്ടവും സുഖവും. ജീവിതത്തിലെ അവൻെറ നിധിയും അതുതന്നെയായിരുന്നു. വലിയ പ്രതീക്ഷകളോടെ അവൻ അതിനെ പോററിവളൎത്തി. മണവും നിറവും തികഞ്ഞ ചെടി. ഒടുവിൽ അവൻ മരിച്ചുപോയി. ഒരു കൊല്ലമേ കഴിഞ്ഞിട്ടുള്ളു അവൻ സ്വൎഗ്ഗത്തിൽ വന്നിട്ട്. ആ ചെടി അവിടെനിന്നു വാടി ഉണങ്ങി നിലംപതിച്ചു. അതിലെ പുഷ്പങ്ങൾ കൊഴിഞ്ഞുപോയി. ആ ചെടിയാണ് നമ്മൾ ഇപ്പോൾ എടുത്തുകൊണ്ടുപോകുന്നതു്."

"നിങ്ങൾ ഇതെല്ലാം എങ്ങനെ അറിഞ്ഞു?" ശിശു ചോദിച്ചു.

"എനിയ്ക്കറിയാം. ആ കുട്ടി ഞാൻതന്നെയായിരുന്നു. എനിക്ക് എൻെറ പുഷ്പത്തെ കണ്ടാലറിയാം."

ശിശു അതിൻെറ നയനങ്ങൾ പൂൎണ്ണമായി തുറന്ന് അപ്സരസ്സിൻെറ മുഖത്തു നോക്കി. ആ മുഖത്തുനിന്നു പരിശുദ്ധമായ ആനന്ദത്തിൻെറ കിരണം പ്രവഹിച്ചുകൊണ്ടിരിക്കയായിരുന്നു. അവർ സ്വൎഗ്ഗത്തിലെത്തിച്ചേൎന്നു. അവിടെ സുഖവും ആനന്ദവും നിറഞ്ഞിരുന്നു. അവിടെ ചെന്നപ്പോൾ ആ മൃതശിശുവിനും രണ്ടു ചിറകുകൾ ലഭിച്ചു. അവർ അടുത്തടുത്തു ചേൎന്നു പറന്നുകളിച്ചു. അവർ കൊണ്ടുവന്ന പുഷ്പങ്ങൾക്കു നവീനജീവൻ കിട്ടി. എന്നാൽ വാടിപ്പോയ ആ പുഷ്പം അപ്സരസ്സുകളോടൊന്നിച്ചു പാട്ടുപാടി.

---

# 3. കൊച്ചുമേരിയുടെ പുഷ്പങ്ങൾ

"എന്റെ പുഷ്പങ്ങളെല്ലാം വാടിപ്പോയി. ഇന്നലെ വൈകുന്നേരംവരെ അവ വളരെ മനോഹരമായിരുന്നു. ഇപ്പോഴാകട്ടെ, അവയുടെ ദലങ്ങൾ വാടിപ്പോയിരിക്കുന്നു. അതിന്റെ കാരണം എന്താണ്?" എന്നു കൊച്ചുമേരി തനിക്കെതിരായി സോഫായിലിരിക്കുന്ന വിദ്യാർത്ഥിയെ നോക്കിച്ചോദിച്ചു. അവൾക്കു് അവ നോടു വളരെ ഇഷ്ടം തോന്നിയിരുന്നു. അവൻ മേരിയ്ക്കു നല്ലനല്ല കഥകൾ പറഞ്ഞുകൊടുക്കയും കൊട്ടാരങ്ങളിൽ പുഷ്പങ്ങളുടെ നടുവിൽനിന്നു നടനംചെയ്യുന്ന ബാലികമാരുടെ ചിത്രങ്ങൾ സമ്മാനിക്കയും ചെയ്തിരുന്നു. വാടിപ്പോയിരുന്ന ഒരുകുല പുഷ്പം കാണിച്ചുകൊണ്ടു് അവൾ ആ ചെറുപ്പക്കാരനോടു വീണ്ടും ചോദിച്ചു: "ഇന്നു് ഈ പുഷ്പങ്ങൾ ഇങ്ങനെ വാടിക്കാണുന്നതെന്തുകൊണ്ടാണ്?"

"അവയ്ക്കു് എന്തുപററിയെന്നു നിനക്കറിഞ്ഞുകൂടെ? ഇന്നലെ രാത്രി അവ നൃത്തം നടത്തുകയായിരുന്നു. അതുകൊണ്ടാണു് അവ ഇന്നു് ഇങ്ങനെ തലതാഴ്ത്തി നില്ക്കുന്നതു്."

"അതെങ്ങനെ? പുഷ്പങ്ങൾക്കു നൃത്തംചെയ്‌വാൻ കഴികയില്ലല്ലോ" മേരി പറഞ്ഞു.

"എന്തുകൊണ്ടു കഴികയില്ല. രാത്രിയായി നമ്മളെല്ലാം ഉറങ്ങുമ്പോൾ അവ നൃത്തംചെയ്യുന്നു. ഇങ്ങനെ അവർ പതിവായി നൃത്തംചെയ്യാറുണ്ടു്."

"കൊച്ചുകുട്ടികൾ നൃത്തത്തിൽ പങ്കെടുക്കാറുണ്ടോ?"

"ഉണ്ടല്ലോ; കൊച്ചുകൊച്ചു പൂക്കളും ആ നൃത്തത്തിൽ കൂടാറുണ്ടു്."

"ഏററവും മനോഹരമായ പൂക്കൾ നടനംനടത്തുന്നതെവിടെയാണ്?"

"നഗരദ്വാരത്തിന്ന വെളിക്ക രാജാവു താമസിക്കുന്ന സ്ഥലത്തു നീ പോയിട്ടില്ലേ? അവിടെ ധാരാളം പുഷ്പങ്ങളുള്ള തോട്ടങ്ങളുണ്ടു്."

"ഞാൻ ഇന്നലെ അമ്മയോടൊന്നിച്ചു് ആ പൂന്തോട്ടത്തിൽ പോയിരുന്നു. അവിടെയുള്ള മരങ്ങളിൽ ഒരിലപോലും ഇല്ല; എല്ലാ പുഷ്പങ്ങളും കൊഴിഞ്ഞു പോയിരുന്നു. അവയെല്ലാം എവിടെ പോയി? പൂക്കാലത്തു ഞാൻ ധാരാളം പുഷ്പങ്ങൾ കണ്ടിട്ടുണ്ടു്."

"അവയെല്ലാം കൊട്ടാരത്തിന്നുള്ളിലാണു്. രാജാവും കൊട്ടാരം ഉദ്യോഗസ്ഥന്മാരും പട്ടണത്തിലേക്കു പോകുമ്പോൾ പുഷ്പങ്ങളെല്ലാം തോട്ടത്തിൽനിന്നു കൊട്ടാരത്തിന്നുള്ളിൽ ഓടിക്കയറി കളിതുടങ്ങും. ആ കാഴ്ച നീ കാണേണ്ടതാണു്. ഏററവും ഭംഗിയുള്ള രണ്ടു പനിനീർപ്പൂക്കൾ സിംഹാസനത്തിൽ കയറിയിരിക്കും. അവർ രാജാവും രാജ്ഞിയുമാണെന്നാണു് അവരുടെ ഭാവം. രണ്ടു ചുവന്ന പുഷ്പങ്ങൾ അവരുടെ ഇരുവശങ്ങളിലായി നില്ക്കും. അഴകുള്ള മററു പൂക്കളെല്ലാം ബഹുമാന്യരായ കാവൽക്കാരെപ്പോലെ അണിനിരന്നു നില്ക്കുന്നതും കാണാം. അവരെല്ലാവരുംകൂടി നടനം നടത്തുന്നു. പ്രായംകൂടിയ ചില വലിയ പുഷ്പങ്ങൾ ആ കാഴ്ച കണ്ടുകൊണ്ടിരിക്കും."

"അപ്പോൾ കൊട്ടാരത്തിന്നുള്ളിൽ പ്രവേശിക്കുന്നവരിലാരും പുഷ്പങ്ങളുടെ നൃത്തത്തെ തടസ്സപ്പെടുത്തുകയില്ലേ?" അവൾ ചോദിച്ചു.

"ആരും അവിടെ നടക്കുന്നതിനെപ്പററി അറിഞ്ഞുകൂടാ. ചിലപ്പോൾ കൊട്ടാരംകാവൽക്കാരൻ അവിടെ കയറിവരും. എന്നാൽ അയാളുടെ വരവുണ്ടാകുമ്പോൾ കൈയിലുള്ള താക്കോൽക്കൂട്ടങ്ങൾ കിലുങ്ങും. ആ ശബ്ദം കേൾക്കുന്ന മാത്രയിൽ പുഷ്പങ്ങളെല്ലാം നിശ്ശബ്ദരായി

യവനികയുടെ പിന്നിൽപ്പോയി ഒളിച്ചിരിക്കും. "ഇവിടെ പുഷ്പം മണക്കുന്നല്ലോ!" എന്നു് അയാൾ പറയും. എന്നാൽ അയാൾക്കു അവരെ കാണാൻ കഴികയില്ല."

"ഹ! അതെത്ര നേരംപോക്കായിരിക്കുന്നു! എനിക്കു് ആ പുഷ്പങ്ങളെ കാണുവാൻ കഴികയില്ലേ?"

"അടുത്ത പ്രാവശ്യം നീ അവിടെ പോകുമ്പോൾ ജനലിൽക്കൂടി അകത്തേയ്ക്കു നോക്കണം. അവിടെ അവർ കളിക്കുന്നതു നിനക്കു കാണാൻ കഴിയും. ഇന്നു ഞാൻ അങ്ങനെ നോക്കിയപ്പോൾ അവരെ കാണുക യുണ്ടായി."

"അവക്കു നമ്മെ വിട്ടുപോവാൻ കഴിയുമോ?"

"തീർച്ചയായും. ആവശ്യമുണ്ടായാൽ അവക്കു പറക്കാൻ സാധിക്കും. പുഷ്പങ്ങളാണെന്നു തോന്നുന്ന പല നിറത്തിലുള്ള ചിത്രശലഭങ്ങളെ നീ കണ്ടിട്ടില്ലേ? വാസ്തവത്തിൽ അവ പുഷ്പങ്ങളായിരുന്നു. കവരങ്ങളിൽനിന്നു് അവ വേർപെട്ടു് ആകാശത്തു പറന്നുകളിക്കയാണു്. ദലങ്ങൾ അവയുടെ ചിറകുകളായിത്തീൎന്നു. ഈ കാൎയ്യം നീ കണ്ടിട്ടുണ്ടായിരിക്കും. സസ്യശാസ്ത്രപരമായ തോട്ടത്തിലെ പുഷ്പങ്ങളിലൊന്നുപോലും കൊട്ടാരത്തിൽ കടന്നിട്ടുണ്ടായിരിക്കയില്ല. അടുത്ത തവണ നീ അവിടെ പോകുമ്പോൾ ആ പുഷ്പങ്ങളോടു പറയണം, കൊട്ടാരത്തിൽ മററു പുഷ്പങ്ങളുടെ നൎത്തനമുണ്ടെന്നു്. സസ്യശാസ്ത്രം പഠിപ്പിക്കുന്ന പ്രഫസ്സർ പിറേറന്നു തോട്ടത്തിൽ ചെന്നു നോക്കുമ്പോൾ അവിടെ ഒരു പുഷ്പത്തെപ്പോലും അദ്ദേഹം കാണുകയില്ല. അദ്ദേഹം അത്ഭുതപ്പെട്ടുനിന്നു പോകും. ആ പുഷ്പങ്ങളെല്ലാം കൊട്ടാരത്തിലെ നടനത്തിൽ പങ്കുകൊള്ളുവാൻ പറന്നുപോയിരിക്കും."

"ഒരു പുഷ്പത്തോടു പറഞ്ഞാൽ ആ വിവരം ആ പുഷ്പം മററു പുഷ്പങ്ങളോടു പറയുന്നതെങ്ങനെ? പുഷ്പത്തിനു സംസാരിക്കാൻ കഴിയുമോ?"

“ശരിയാണു്; അവക്കു് അടയാളങ്ങളുണ്ടു്; ആംഗ്യങ്ങളാണു് അവരുടെ സംസാരം. കാററടിക്കുമ്പോൾ പുഷ്പങ്ങൾ തല കുനിക്കുന്നതും ഇലകൾ ചലിക്കുന്നതും നീ കണ്ടിട്ടില്ലേ? അതു് അവരുടെ സംസാരമാണു്.”

“പ്രൊഫസക്കു് അതു മനസ്സിലാക്കാൻ കഴിയുമോ?”

“തീച്ചയായും കഴിയും.”

യുവാവു പറഞ്ഞതെല്ലാം അവൾക്കു വളരെ നേരമ്പോക്കായിത്തോന്നി. അതിനെപ്പററി അവൾ വളരെ ആലോചിച്ചു. നടനംചെയ്തു ക്ഷീണിച്ചതുകൊണ്ടാണു പുഷ്പങ്ങൾ തലതാഴ്ത്തി നില്ക്കുന്നതെന്നു് അവൾ തീരുമാനിച്ചു. ആ പുഷ്പങ്ങളെ അവൾ തൻെറ മേശയ്ക്കകത്താക്കി. അതിനുള്ളിൽ മററു പല കളിപ്പണ്ടങ്ങൾ ഉണ്ടായിരുന്നു. അക്കൂട്ടത്തിൽ അവളുടെ ഒരു പാവ അതിൻെറ കൊച്ചുശയ്യയിൽ കിടക്കുകയായിരുന്നു. മേരി അതിനോടു പറഞ്ഞു: “സോഫീ, എഴുന്നേൽക്കൂ. ഇന്നു രാത്രി നീ നിൻെറ കിടക്ക ഒഴിച്ചുതരണം. ഈ ക്ഷീണിതരായ കൊച്ചുപുഷ്പങ്ങൾ അതിൽ കിടന്നുറങ്ങിക്കൊള്ളട്ടെ. അങ്ങനെ അവരുടെ ക്ഷീണം തീന്നേക്കും.” മേരി അവളുടെ പാവയെ കിടക്കയിൽനിന്നെടുത്തു മാററി. അതു് ഒന്നും മിണ്ടിയില്ല. കിടക്ക ഒഴിഞ്ഞുകൊടുക്കേണ്ടി വന്നതിൽ അതിനു വല്ലായ്മതോന്നി.

മേരി ആ പുഷ്പങ്ങളെ പാവയുടെ ശയ്യയിൽ കിടത്തി, ഒരു വസ്ത്രംകൊണ്ടു് അവരെ പുതച്ചു. പിറേറന്നു് ഉന്മേഷത്തോടും ഉല്ലാസത്തോടുംകൂടി എഴുന്നേൽക്കുവാൻ അവക്കു് കുറെ ചായ ഉണ്ടാക്കിക്കൊടുക്കാമെന്നു് അവൾ പറഞ്ഞു.

ആ ചെറുപ്പക്കാരൻ പറഞ്ഞ കാര്യങ്ങൾ ഓമ്മിച്ചുകൊണ്ടു് മേരി ഉറങ്ങാതെ കിടന്നു. ജനലിനു് എതിരായുള്ള യവനികയുടെ പിന്നിൽ ഉണ്ടായിരുന്ന തൻെറ

അമ്മയുടെ പുഷ്പങ്ങളെ അവൾ എത്തിനോക്കി. മേരി അവരോട്ട് ഇങ്ങനെ പറഞ്ഞു: "നിങ്ങൾ ഇന്നരാത്രി നൃത്തത്തിന്ന പോകയാണെന്ന് എനിക്കറിയാം." അവൾ പറയുന്നതു തങ്ങൾക്ക മനസ്സിലാകുന്നതായി പുഷ്പങ്ങൾ നടിച്ചില്ല. അവരുടെ ഒരു ഇതൾപോലും അനങ്ങിയില്ല.

മനോഹരമായ പുഷ്പങ്ങൾ രാജാവിൻെറ കൊട്ടാരത്തിൽ ഷോട്ടയിൽ നൃത്തം നടത്തുന്നതു കാണുക എന്നതു് എത്ര ആനന്ദകരമായിരിക്കുമെന്ന വിചാരിച്ചുകൊണ്ട് മേരി ഉറങ്ങാതെ കിടന്നു. "എൻെറ പുഷ്പങ്ങൾ അവിടെയായിരുന്നുവോ? എന്തൊരത്ഭുതമാണതു്?" മേരിയുടെ ഉറക്കറയിൽ യാതൊരുത്തരും ഉണ്ടായിരുന്നില്ല. അവിടം നിശ്ശബ്ദമായിരുന്നു. മേശപ്പുറത്ത് ഒരു വിളക്ക കത്തിക്കൊണ്ടിരുന്നു. അവളുടെ അച്ഛനമ്മമാർ ഉറങ്ങിക്കിടക്കുകയായിരുന്നു.

"എൻെറ പുഷ്പങ്ങൾ ഇപ്പോഴും സോഫിയുടെ ശയ്യയിൽത്തന്നെ കിടക്കുകയാണോ എന്നറിഞ്ഞാൽ കൊള്ളാം." മേരി തല പൊക്കി വാതിലിൽക്കൂടി നോക്കി. അടുത്ത മുറിയിലായിരുന്നു അവളുടെ പുഷ്പങ്ങളും കളിപ്പണ്ടങ്ങളും കിടന്നിരുന്നതു്. അവൾ അതിമധുരമായ ഒരു വീണാനാദം കേട്ടു; അത്ര മധുരമായ വീണാനാദം അതിന്ന മുൻപു മേരി കേട്ടിരുന്നില്ല.

"സംശയമില്ല; പുഷ്പങ്ങളെല്ലാം അവിടെ നടനം നടത്തുകയായിരിക്കണം. ഹാ! ഞാൻ അവരുടെ നടനം കാണാൻ അതിയായി ആഗ്രഹിക്കുന്നു." അച്ഛനമ്മമാരെ ഉണത്തുവാനുള്ള പേടികൊണ്ട് അവൾക്ക് എഴുനേൽക്കാൻ കഴിഞ്ഞില്ല.

സംഗീതം തുടൎന്നു മുഴങ്ങിക്കൊണ്ടിരുന്നു. നൎത്തനം കാണാനുള്ള ആത്യാൎത്തിയെ അടക്കുവാൻ മേരിക്കു സാധിച്ചില്ല. അവൾ കിടക്കയിൽനിന്നു സാവകാശ

ത്തിൽ എഴുന്നേററു യാതൊരു ശബ്ദവും കേൾപ്പിക്കാതെ പതുക്കെ നടന്നുചെന്നു നോക്കി. ഹാ! അവൾ അവിടെ കണ്ടതു് എത്ര മനോഹരമായ കാഴ്ചയായിരുന്നു!

അവിടെ വിളക്കു പ്രകാശിച്ചിരുന്നില്ല. എന്നാൽ ജനലിൽക്കൂടി നിലാവു് അകത്തു വീണുകൊണ്ടിരുന്നതിനാൽ അവിടം മനോഹരമായി പ്രകാശിച്ചിരുന്നു. എല്ലാ പുഷ്പങ്ങളും വൃത്തത്തിൽ അണിനിരന്നുനിന്നു നൃത്തം നടത്തുകയായിരുന്നു. അല്പം അകലെ വലിയൊരു താമരപ്പൂവു് വീണവായിച്ചുകൊണ്ടിരുന്നു. ഈ കാഴ്ച കണ്ടപ്പോൾ ചെറുപ്പക്കാരൻ പറഞ്ഞതെല്ലാം മേരി ഓർമ്മിച്ചു. നടനം തീൎന്നു്, കൊച്ചുപൂക്കൾ ഓരോന്നായി ജനൽ ചാടിക്കടന്നു പാവയുടെ ശയ്യയിൽ കയറിക്കിടന്നുറങ്ങി. എന്നാൽ ഉടനെതന്നെ അവരെല്ലാം ചാടിയെഴുന്നേററു് ഉല്ലാസഭരിതരായി വീണ്ടും നൎത്തനം ചെയ്വാൻ ആരംഭിച്ചു.

നിലത്തു് എന്തോ വീഴുന്ന ശബ്ദംകേട്ടു മേരി പരിഭ്രമത്തോടെ ചുററുപാടും നോക്കി. പാവയുടെ മെത്ത വിരിച്ചിരുന്ന മേശപ്പുറത്തുനിന്നു മുന്നുകാലുള്ള ഒരു സ്റ്റൂൾ നിലത്തു ചാടുന്നതാണു് അവൾ കണ്ടതു്. അതു പുഷ്പങ്ങളുടെ സംഘത്തിൽ ചേൎന്നു. ആ സ്ററൂളിൻെറ പുറത്തു മെഴുകുകൊണ്ടുണ്ടാക്കപ്പെട്ട ഒരു പെട്ടിയും അതിനു മുകളിൽ ഒരു തൊപ്പിയും ഉണ്ടായിരുന്നു. സ്ററൂൾ പുഷ്പങ്ങളോടൊപ്പം നൃത്തം ചെയ്തുതുടങ്ങി. മേരിയുടെ പാവയായ സോഫി കിടന്നുറങ്ങിയിരുന്ന മേശയുടെ വലിപ്പിൽ ഒരു മുട്ടൽശബ്ദം കേട്ടു. അവിടെ കിടന്നുറങ്ങിയിരുന്ന ആട്ടിടയൻ ചാടി മേശപ്പുറത്തു കയറിക്കിടന്നു. അവൻ ഇഴഞ്ഞിഴഞ്ഞു വലിപ്പിൻെറ സമീപത്തെത്തി, അതിനെ പതുക്കെ വലിച്ചുതുറന്നു. സോഫി എഴുന്നേററു നാലുപാടും നോക്കി. "എന്താണിതു്? ഇവിടെ നടനം നടക്കുന്നുവല്ലോ. ഈ വിവരം ആരും എന്നോടു പറയാതിരുന്നതെന്തുകൊണ്ടു"?"

"നീ എന്നോടുകൂടി നൎത്തനം ചെയ്യുമോ?" ആട്ടിടയൻ ചോദിച്ചു. "തീൎച്ചയായും. നീ നടനത്തിനു പററിയ ആൾതന്നെയാണു" എന്നുപറഞ്ഞു് അവൾ മേശപ്പുറത്തിരുന്നു. പുഷ്പങ്ങൾ നൃത്തംചെയ്‌വാൻ തൻെറ സമീപത്തു വരുമെന്നു് അവൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. എന്നാൽ ഒരു പുഷ്പവും അവളുടെ പ്രതീക്ഷയ്ക്കനുസരണം വന്നുചേൎന്നില്ല. സോഫി ചുമച്ചു ശബ്ദമുണ്ടാക്കി. എന്നിട്ടും ആരും വന്നില്ല. ഈ സമയത്തെല്ലാം ആട്ടിടയൻ അവിടെ നിന്നു് ഒററയ്ക്കു നൃത്തം ചെയ്യുകയായിരുന്നു.

ആരും വരുന്നില്ലെന്നുകണ്ടു് സോഫി മേശപ്പുറത്തുനിന്നു മറിഞ്ഞു താഴെ വീണു. ആ ശബ്ദംകേട്ടു പുഷ്പങ്ങളെല്ലാം ഓടിഎത്തി. വല്ല മുറിവും ഏൽക്കുകയുണ്ടായോ എന്നു് അവർ അവളോടു ചോദിച്ചു. ആ പുഷ്പങ്ങൾക്കു, വിശിഷ്യ അവളുടെ മെത്തയിൽ ശയിച്ചിരുന്ന പുഷ്പങ്ങൾക്കു്, അവളോടു വളരെ സ്നേഹം തോന്നി. തങ്ങൾക്കുറങ്ങുവാൻ മെത്ത ഒഴിഞ്ഞുകൊടുത്തതിൽ അവരെല്ലാവരും സോഫിയോടു നന്ദി പ്രകാശിപ്പിച്ചു. വേണമെങ്കിൽ വീണ്ടും തൻെറ മെത്തയിൽതന്നെ ഉറങ്ങിക്കൊള്ളണമെന്നും താൻ മേശയ്ക്കുള്ളിൽ കിടക്കുവാൻ ഇഷ്ടപ്പെടുന്നില്ലെന്നും അവൾ അവരെ അറിയിച്ചു.

"നിൻെറ സ്നേഹത്തിനും സഹായത്തിനും ഞങ്ങൾ കൃതജ്ഞത പറയുന്നു. ഞങ്ങൾ ഇനി ദീൎഘനേരം ജീവിച്ചിരിക്കയില്ല. നാളെ ഞങ്ങൾ മരിച്ചുപോകും. മരിക്കുമ്പോൾ ഞങ്ങളെ കുഴിച്ചുമൂടാൻ നീ മേരിയോടു പറയണം. അടുത്ത വസന്തകാലത്തു ഞങ്ങൾ വീണ്ടും ജീവിച്ചുവരും. അപ്പോൾ ഞങ്ങൾ ഇന്നത്തേതിനെക്കാൾ ഭംഗിയുള്ളവരായിരിക്കും" എന്നു പുഷ്പങ്ങൾ സോഫിയെ നോക്കി പറഞ്ഞു.

"വേണ്ടാ, വേണ്ടാ, നിങ്ങൾ മരിക്കരുതു്" സോഫി പുഷ്പങ്ങളെ ചുംബിച്ചുകൊണ്ടു പ്രതിവചിച്ചു.

അപ്പോൾ അനേകം പുഷ്പങ്ങൾ, വാതായനത്തിൽക്കൂടി അവിടെ കടന്നുവന്നു. അവർ എവിടെനിന്നാണു വന്നതെന്നു മേരിക്കു് ഊഹിക്കാൻപോലും കഴിഞ്ഞില്ല. ആ പുതിയ പുഷ്പങ്ങളുടെയെല്ലാം മുൻപിൽ കാണപ്പെട്ടതു് മനോഹരങ്ങളായ രണ്ടു പനിനീർപൂക്കളായിരുന്നു. സ്വർണ്ണക്കിരീടങ്ങൾ അണിഞ്ഞിരുന്ന അവർ രാജാവും രാജ്ഞിയുമായിരുന്നു. ധാരാളം മററുജാതി പുഷ്പങ്ങളും പാട്ടുപാടിക്കൊണ്ടു തുടരെ പ്രവേശിച്ചു.

കുറേനേരം കഴിഞ്ഞു് അവരെല്ലാവരും മേരിക്കു വന്ദനംപറഞ്ഞു പിരിഞ്ഞുപോയി. മേരി അവളുടെ ശയ്യയിൽ ചെന്നു കിടന്നു. താൻ കണ്ട കാഴ്ചകളെല്ലാം അവൾ സ്വപ്നത്തിൽ കാണുകയായി.

പിറേറന്നു രാവിലെ ഉണർന്നപ്പോൾ പുഷ്പങ്ങൾ മേശപ്പുറത്തുണ്ടോ എന്നറിയുവാൻ അവൾ അങ്ങോട്ടുപോയി. യവനികയുടെ പിന്നിൽ അവരെല്ലാം വാടിക്കിടക്കുന്നതു് അവൾ കണ്ടു. സോഫി മേശയ്ക്കുള്ളിൽ ഉറങ്ങുന്നതുപോലെ കിടന്നിരുന്നു.

"നീ എന്നോടു് എന്താണു പറഞ്ഞതെന്നു് ഓർമ്മിക്കുന്നുണ്ടോ?" മേരി സോഫിയോടു ചോദിച്ചു.

സോഫി ഒരക്ഷരംപോലും ശബ്ദിച്ചില്ല.

മേരി മനോഹരപക്ഷികളുടെ ചിത്രങ്ങളടങ്ങിയ ഒരു കടലാസ്സുപെട്ടി തുറന്നു് അതിനുള്ളിൽ വാടിക്കരിഞ്ഞുപോയ പുഷ്പങ്ങളെയെല്ലാം വാരിയിട്ടു. "ഇതാ നിങ്ങളുടെ സുന്ദരമായ ശവപ്പെട്ടി. എൻെറ സ്യാലന്മാർ വരുമ്പോൾ ഇതിനെ തോട്ടത്തിൽ കൊണ്ടുപോയി അടക്കം ചെയ്യുന്നതായിരിക്കും. അടുത്ത പൂക്കാലത്തു നിങ്ങൾ കൂടുതൽ ഭംഗിയുള്ളവരായി മുളച്ചുവരണം."

ജാൺ എന്നും അഡോൾഫസ് എന്നും പേരുള്ള സ്യാലന്മാർ വന്നപ്പോൾ ആ പുഷ്പങ്ങളെ സംബന്ധിച്ച കഥ മേരി അവരെ പറഞ്ഞുകേൾപ്പിച്ചു. അവർ ശവപ്പെട്ടി വഹിച്ചുകൊണ്ടു തോട്ടത്തിലേക്കു നടന്നു. മേരി അവരെ പിന്തുടന്നു. അവർ അവിടെ ഒരു ശവക്കുഴി തോണ്ടി പെട്ടി അതിനുള്ളിൽ വച്ചു. അതിനുമുൻപേ മേരി പുഷ്പങ്ങളെ ചുംബിക്കയുണ്ടായി. അങ്ങനെ അവരെല്ലാവരുംകൂടി പുഷ്പങ്ങളുടെ ശവസംസ്കാരകൃത്യം ഭംഗിയായി നിവ്വഹിച്ചു.

---

# 4. മന്ത്രപ്പെട്ടി

ഒരു ഭടൻ യുദ്ധംകഴിഞ്ഞു് അവൻെറ വീട്ടിലേക്കു പോവുകയായിരുന്നു. അയാൾ അരയിൽ ഒരു ഖഡ്ഗവും മുതുകിൽ ഒരു സഞ്ചിയും തൂക്കിയിരുന്നു. മാൎഗ്ഗമദ്ധ്യേ അയാൾ ഒരു മാന്ത്രികയെ കണ്ടുമുട്ടി. അവൾ ഒരു ഭയാനകരൂപിണിയായിരുന്നു. അവളുടെ കീഴ്ച്ചുണ്ടു മാൎവ്വിടംവരെ തൂങ്ങിക്കിടന്നിരുന്നു. ഭടനെ കണ്ടപ്പോൾ അവൾ അഭിവാദ്യംചെയ്തുകൊണ്ടു് ഇങ്ങനെ പറഞ്ഞു: "നിങ്ങളുടെ ഖഡ്ഗം വളരെ മനോഹരവും സഞ്ചി വളരെ വലുതും ആയിരിക്കുന്നല്ലോ. നിങ്ങൾ ഒരു യഥാൎത്ഥ ഭടൻ തന്നെയാണു്; നിങ്ങൾക്കു് ആവശ്യമുള്ളിടത്തോളം പണം സമ്പാദിക്കാം."

ഭടൻ വൃദ്ധയായ മാന്ത്രികയ്ക്കു നന്ദി പറഞ്ഞു.

വഴിയരികിൽ നിന്ന വൃക്ഷത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു മാന്ത്രിക ചോദിച്ചു: "ആ വലിയ മരം നിങ്ങൾ കാണുന്നുണ്ടോ? അതു് ഒരു പൊള്ളമരം ആകുന്നു. അതിൻെറ മുകളിൽ കയറി നോക്കിയാൽ മൂട്ടുവരെ ഒരു ദ്വാരം കാണാം. അതിൽക്കൂടി നിങ്ങൾക്കു താഴത്തിറങ്ങുകയുംചെയ്യാം. എന്നെ വിളിക്കുമ്പോൾ നിങ്ങളെ വലിച്ചു മേൽക്കയററുന്നതിനുവേണ്ടി നിങ്ങളുടെ ശരീരത്തിനു ചുററും ഞാൻ ഒരു കയർ കെട്ടാം."

"മരത്തിൻെറ ഉള്ളിൽ കടന്നു ഞാൻ എന്താണു ചെയ്യേണ്ടതു്?"

"പണം വാരിക്കൊണ്ടുവരിക. മരത്തിൻെറ അടിഭാഗത്തെത്തിയാൽ നൂറിൽപരം വിളക്കുകളാൽ പ്രശോഭിതമായിട്ടുള്ള ഒരു വിശാലമായ തളം നിങ്ങൾക്കു കാണാം. അതിൽ കടക്കുവാൻ മൂന്നു വാതിലുകളുണ്ടു്. ആ വാതിലുകളുടെ താക്കോലുകൾ കതകിൽത്തന്നെയുണ്ടു്. ഒന്നാമത്തെ മുറിയിൽ പ്രവേശിച്ചാൽ അതിൻെറ മദ്ധ്യത്തു

ളോട്ട് ആജ്ഞാപിച്ചു. പട്ടികൾ മൂന്നുംകൂടി ജഡ്ജിമാരുടെ മേൽ ചാടിവീണ് അവരെ കടിച്ചുകുടഞ്ഞു മേല്പോട്ടെറിഞ്ഞു. അവർ ചത്തു നിലത്തുവീണു. പിന്നെ പട്ടികൾ മററാളുകളേയും കടിച്ചുകൊന്നു. "എന്നെ തൊടരുതു്" എന്നു രാജാവു പട്ടികളോടു പറഞ്ഞു. എന്നാൽ ഏററവും വലിയ പട്ടി രാജാവിനേയും രാജ്ഞിയേയും കടിച്ചുകൊന്നു. അപ്പോൾ ഭടന്മാർ ഭയകമ്പിതരായി. ജനങ്ങൾ എല്ലാവരുംകൂടി ആർത്തുവിളിച്ചു. "യോദ്ധാവേ, നീയാണു ഞങ്ങളുടെ രാജാവ്. മനോഹരിയായ രാജകുമാരിയെ നീയായിരിക്കും വിവാഹംചെയ്യുന്നതു്."

അവർ ഭടനെ രാജാവിൻെറ തേരിൽ ഇരുത്തി. പട്ടികൾ അതിൻെറ മുൻവശത്തിരുന്നു. എല്ലാവരും സന്തോഷത്താൽ ആർത്തുവിളിച്ചു. രാജകുമാരി ചെമ്പുകൊട്ടാരത്തിൽനിന്നിറങ്ങിവന്നു. അവൾ രാജ്ഞിയായി പ്രഖ്യാപിക്കപ്പെട്ടു. തൽസംബന്ധമായ രാജകീയവിരുന്ന് ഒരാഴ്ചയോളം നീണ്ടുനിന്നു.

# 5. തള്ളവിരൽ

ഏകാകിനിയായി ഒരു സ്ത്രീ താമസിച്ചിരുന്നു. ഒരു കൊച്ചുകുട്ടിയെ കൂട്ടിനു കിട്ടാൻ അവൾ വളരെ ആഗ്രഹിച്ചു. അതിനു് ഒരു മാർഗ്ഗവും അവൾ കണ്ടില്ല. അതുകൊണ്ടു് ഒരു മാന്ത്രികയെ സമീപിച്ചു് അവൾ ഇങ്ങനെ പറഞ്ഞു:—"ഒരു കൊച്ചുകുട്ടിയെ ലഭിക്കുവാൻ ഞാൻ ഹൃദയംഗമമായി അഭിലഷിക്കുന്നു. അതിനു ഞാൻ എന്താണു ചെയ്യേണ്ടതെന്നു നിങ്ങൾ പറഞ്ഞു തരുമോ?"

"അക്കാര്യം എളുപ്പത്തിൽ സാധിക്കാം." മാന്ത്രിക പറഞ്ഞു. "ഒരുതരം ബാർലിവിത്തുണ്ടു്. അതു കൃഷകന്മാർ വിതയ്ക്കുന്നതുപോലുള്ളതോ കുട്ടികൾ തിന്നുന്നതുപോലുള്ളതോ അല്ല. ആ വിത്തു് ഒരു പുഷ്പപാത്രത്തിലിടുക. അപ്പോൾ നിങ്ങളുടെ ആഗ്രഹം സാധിക്കും."

മാന്ത്രികയ്ക്കു നന്ദിപറഞ്ഞുകൊണ്ടു് അവൾ വീട്ടിൽ ചെന്നു് ആ ബാർലിവിത്തു പുഷ്പപാത്രത്തിലിട്ടു. തൽക്ഷണംതന്നെ വലിയൊരു മനോഹരപുഷ്പം അതിൽ നിന്നു പൊട്ടിമുളച്ചുയർന്നുവന്നു. അതിന്റെ ദലങ്ങൾ കൂമ്പിയിരുന്നതിനാൽ അതു് ഒരു കഡ്മളംപോലെ കാണപ്പെട്ടു.

"ഇതു് എത്ര മനോഹരമായിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു് അവൾ പുഷ്പദലങ്ങളെ ചുംബിച്ച മാത്രയിൽ ആ ദലങ്ങൾ വികസിച്ചു. ദലങ്ങളുടെ നടുവിൽ, ശാന്തയായ ഒരു കൊച്ചുബാലിക ഇരിക്കുന്നുണ്ടായിരുന്നു. മൃദുലാംഗിയും, മനോഹാരിണിയും ആയ അവൾക്കു് ഒരു കൊച്ചുതള്ളവിരലിനോളം മാത്രമേ പൊക്കമുണ്ടായിരുന്നുള്ളു. ആ പുഷ്പത്തിന്റെ അണ്ഡകോശം അവൾക്കൊരു തൊട്ടിലായും, അരിന്റെ നീല

ദലങ്ങൾ അവളുടെ അലങ്കാരങ്ങളായും, ഇലകൾ അവൾക്കൊരു ആവരണമായും കാണപ്പെട്ടു.

രാത്രികാലങ്ങളിൽ അവൾ ആ പുഷ്പത്തിനുള്ളിൽ കിടന്നുറങ്ങും. പകൽസമയത്തു മേശപ്പുറത്തെ ജലപാത്രത്തിൽ അവൾ കളിച്ചുകൊണ്ടിരിക്കും. പാത്രത്തിൻെറ വക്കു് ചെറുപൂക്കളാൽ അലങ്കരിച്ചിരുന്നു. ചെറിയൊരു താമരയില അതിൻെറ മദ്ധ്യത്തു വെള്ളത്തിൽ ഇളകിക്കൊണ്ടിരുന്നു. "തള്ളവിരൽ" എന്നു വിളിക്കപ്പെട്ടിരുന്ന ആ ബാലിക താമരയിലയിൽ കയറിയിരുന്നു്, പാത്രത്തിൻെറ ഒരററത്തുനിന്നു് മറേറ അററത്തേയ്ക്കു തുഴഞ്ഞുപോകുന്ന കാഴ്ച കൗതുകാവഹമായിരുന്നു.

ഒരു രാത്രി അവൾ തൻെറ മനോഹരമായ പുഷ്പശയ്യയിൽ കിടന്നു് ഉറങ്ങുകയായിരുന്നു. അപ്പോൾ തവളയെപ്പോലുള്ള ഒരു വികൃതജന്തു പരുഷമായ ശബ്ദമുണ്ടാക്കികൊണ്ടു ജനലിൽക്കൂടി ചാടിക്കടന്നു് ആ മേശപ്പുറത്തു വന്നുകയറി. ഉറങ്ങുന്ന തള്ളവിരലിനെ കണ്ടു് ആ ഭയങ്കരജന്തു ഇങ്ങനെ പറഞ്ഞു: "ഇതു് എൻെറ പുത്രനു പററിയ നല്ല ഒരു ഭാര്യതന്നെ." ആ ജന്തു, പുഷ്പശയ്യയോടുകൂടി അവളെ എടുത്തുകൊണ്ടു ജനൽ ചാടിക്കടന്നു പൂന്തോട്ടത്തിലിറങ്ങി. അതിനടുത്തു് ഒഴുകിക്കൊണ്ടിരുന്ന ഒരു നദിയുടെ ഈററപ്പുംകലന്ന കരയിലായിരുന്നു ആ ജന്തു തൻെറ പുത്രനോടുകൂടി താമസിച്ചിരുന്നതു്. തള്ളയെപ്പോലെതന്നെ മകനും കാഴ്ചയ്ക്കു വളരെ വിരൂപനും വെറുപ്പുണ്ടാക്കുന്നവനും ആയിരുന്നു. ആ കൊച്ചു സുന്ദരിയെ കണ്ടപ്പോൾ അവൻ ക്രോ, ക്രോ, ക്രോ എന്നു ശബ്ദിച്ചു.

"അത്ര ഉച്ചത്തിൽ ശബ്ദിക്കരുതു്; അവൾ ഉണന്നേക്കും" അമ്മ പുത്രനോടു പറഞ്ഞു "രക്ഷപ്പെട്ടുപോകാതിരിക്കുവാൻവേണ്ടി അവളെ ഇവിടത്തെ നദിയിലുള്ള ഒരു താമരയിലയിൽ താമസിപ്പിക്കാം."

അവർ അവളെ പുഷ്പശയ്യയോടൊന്നിച്ചുതന്നെ, നദിയിലുണ്ടായിരുന്ന വലിയ താമരയിലകളിലൊന്നിലാക്കി. പിറേറന്നു രാവിലെ ഉണൎന്നപ്പോൾ ആ അപരിചിതമായ കാഴ്ചകണ്ടു് അവൾ നിലവിളിച്ചു. ചുററുപാടും കരകാണാത്ത ജലാശയം!

ആ തള്ള തൻെറ പുത്രൻെറ ഭാൎയ്യയ്ക്കുവേണ്ടി മണിയറയൊരുക്കുന്ന ധൃതിയായ ജോലികളിൽ ഏൎപ്പെട്ടിരിക്കുകയായിരുന്നു. പണിയെല്ലാം പൂൎത്തിയാക്കി അവൾ വിരൂപനായ തൻെറ പുത്രനെയും കൂട്ടിക്കൊണ്ടു ബാലികയുടെ സമീപത്തെത്തി നമ്രശിരസ്കയായി ഇങ്ങനെ പറഞ്ഞു: "ഇതാ, ഈ നില്ക്കുന്നതു് എൻെറ മകനും നിൻെറ ഭൎത്താവാകാൻപോകുന്നവനുമാണു്. നിനക്കു് അവനോടൊന്നിച്ചു സുഖമായി ഇവിടെ ഞാനൊരുക്കിയിട്ടുള്ള പുതിയ ഭവനത്തിൽ താമസിക്കാം."

"ക്രോ, ക്രോ, ക്രോ" എന്നുമാത്രമേ ആ ഭൎത്താവാകാനിരിക്കുന്ന പുത്രനു പറയുവാൻ കഴിഞ്ഞുള്ളു. അവർ രണ്ടുപേരുംകൂടി അവളെ എടുത്തുകൊണ്ടുപോയി പുതിയ മണിയറയിലിരുത്തി. ആ ബാലികയ്ക്കു യാതൊരു ആനന്ദവും ആശ്വാസവും തോന്നിയില്ല. അവൾ അവിടെ കരഞ്ഞുകൊണ്ടിരുന്നു. വിരൂപനായ ഒരുവനെ ഭൎത്താവായി സ്വീകരിക്കുന്നതിനു് അവൾക്കു തീരെ സമ്മതമില്ലായിരുന്നു. പ്രത്യേകിച്ചും ആ വരനെ അവൾ അശേഷം ഇഷ്ടപ്പെട്ടില്ല. അവരോടൊന്നിച്ചു ജീവിക്കുക എന്നതു് അവൾക്കു് അസാദ്ധ്യമായി ത്തോന്നി.

തള്ള ബാലികയോടു പറഞ്ഞ വാക്കുകളെല്ലാം വെള്ളത്തിൽ നീന്തിക്കളിച്ചുകൊണ്ടിരുന്ന മത്സ്യങ്ങൾ കേട്ടു. അവർ ബാലികയെ കാണുവാൻ തലപൊക്കി നോക്കി. ആ വിരൂപനായ ഭൎത്താവിനെ കണ്ടു മത്സ്യങ്ങളെല്ലാം വധുവിൻെറ ഭാഗ്യഹീനതയിൽ സങ്കടപ്പെട്ടു.

"ഈ വിവാഹം നടക്കാൻ പാടുള്ളതല്ല." മത്സ്യങ്ങൾ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. അവർ ഒന്നുചേർന്ന് അവളെ രക്ഷപ്പെടുത്തുവാനുള്ള ഉപായങ്ങൾ ആലോചിച്ചു. താമരയിലയുടെ തണ്ട് ആ മത്സ്യങ്ങൾ കടിച്ചുമുറിച്ചു. അവളെയും വഹിച്ചുകൊണ്ട് ആ ഇല വികൃതജന്തുക്കൾക്ക് എത്താൻ കഴിയാത്ത ഒരിടത്തേയ്ക്ക് ഒഴുകിപ്പോയി.

കൊച്ചുതള്ളവിരൽ പല വലിയ നഗരങ്ങളെയും കടന്ന് ഒഴുകിക്കൊണ്ടിരുന്നു. മരങ്ങളിലും കുററിക്കാടുകളിലും ഇരുന്നിരുന്ന പക്ഷികൾ അവളെ കണ്ടപ്പോൾ ഇങ്ങനെ പറഞ്ഞു: "എത്ര സുന്ദരിയായ ഒരു ബാലിക!" ഇലയും അവളും ഒഴുകി ഒഴുകി മറെറാരു രാജ്യത്തിലെത്തി.

അവളെ ചുററിപ്പറന്നുകൊണ്ടിരുന്ന മനോഹരമായ ഒരു ചെറിയ ചിത്രശലഭം അവളോടൊന്നിച്ചു താമരയിലയിൽ താമസം തുടങ്ങി. അവൾ അതിനെ വളരെ ഇഷ്ടപ്പെടുകയുംചെയ്തു. തന്നെ അപഹരിച്ചുകൊണ്ടുവന്ന ആ വികൃതജന്തുവിൽനിന്നു രക്ഷപ്രാപിച്ചതിൽ അവൾ ആനന്ദിച്ചു. അവൾ സഞ്ചരിച്ചുകൊണ്ടിരുന്ന നദീജലം സൂര്യപ്രകാശത്താൽ മിന്നിത്തിളങ്ങിക്കൊണ്ടിരുന്നു. അവൾ തന്റെ അരഞ്ഞാൺ എടുത്ത് അതിന്റെ ഒരററംകൊണ്ടു ചിത്രശലഭത്തെ ബന്ധിച്ചു; മറേറ അററം അവൾ താമരയിലയിൽ കെട്ടി. അവൾ എഴുന്നേററു നിന്നു. അങ്ങനെ അവളും ഇലയും ചിത്രശലഭവും ഒന്നിച്ച് അതിവേഗത്തിൽ ഗമിച്ചുകൊണ്ടിരുന്നു.

ഒരു കാട്ടുപക്ഷി വന്ന് അവളെ ഒരു വൃക്ഷത്തിന്റെ മുകളിലേക്കു റാഞ്ചിക്കൊണ്ടുപോയി. അപ്പോൾ തമ്മിൽ ബന്ധിക്കപ്പെട്ടിരുന്ന താമരയിലയും ചിത്രശലഭവും നദിയുടെ അടിയിലേക്കു താഴ്ന്നു.

തനിക്കു പററിയ അപകടത്തിൽ കൊച്ചുതള്ളവിരൽ വളരെ ദുഃഖിച്ചു. ബന്ധിക്കപ്പെട്ടിരുന്ന ചിത്രശലഭ

ത്തിൻെറ കാര്യം ഓർമ്മിച്ചപ്പോഴും അവളുടെ ഖേദം
വർദ്ധിച്ചു. കാട്ടുപക്ഷി ചിത്രശലഭത്തിൻെറ അവസ്ഥയെ
പ്പററി ചിന്തിച്ചതേയില്ല. അതു് അവളെ ഒരു മര
ത്തിൻെറ ഏററവും വലിയൊരിലയിൽ കൊണ്ടിരുത്തി.
അവൾക്കു ഭക്ഷിക്കുവാൻ പുഷ്പങ്ങളുടെ തേൻ സംഭരി
ച്ചുകൊടുത്തു. തള്ളവിരലിൻെറ ഭംഗിയെപ്പററി അതു
പ്രശംസിച്ചു പറഞ്ഞു. മററു പക്ഷികളെല്ലാം ആ മര
ത്തിൽ വന്നുകൂടി. എല്ലാവരും അവളെ നോക്കി.

"അവളെ ഇത്രത്തോളം സ്തുതിക്കാനെന്താണുള്ളതു്? അവൾക്കു രണ്ടു കാലുകളല്ലേ ഉള്ളു. അവതന്നെ കാണാൻ എത്ര വികൃതമായിരിക്കുന്നു." എന്നു് ഒരുകൂട്ടർ അഭിപ്രായപ്പെട്ടു. വേറൊരുകൂട്ടർ ഇങ്ങനെ പറഞ്ഞു: "അവൾ വളരെ ചെറുതായിരിക്കുന്നല്ലോ. അവൾ ഒരു മനുഷ്യജീവിയാണു്. അവൾ എത്ര വിരൂപയായിരിക്കുന്നു!" ഈ അഭിപ്രായത്തോടു് അവരെല്ലാം യോജിച്ചു. അവൾ സുന്ദരിയാണെന്നു് അവളെ എടുത്തുകൊണ്ടുവന്ന പക്ഷിയ്ക്കറിയാമായിരുന്നുവെങ്കിലും, മററുള്ളവരെല്ലാം പറഞ്ഞ എതിരഭിപ്രായത്തോടു യോജിക്കാനേ അതിനു കഴിവുണ്ടായുള്ളു. തള്ളവിരലിനെ ആ പക്ഷി മരത്തിൽനിന്നെടുത്തു താഴെ ഒരു സ്ഥലത്തുകൊണ്ടിരുത്തി. അവൾ അവിടെയിരുന്നു കരഞ്ഞു. താൻ വിരൂപയാണെന്നു് എല്ലാവരും പറഞ്ഞതിൽ അവൾക്കു ദുസ്സഹമായ മനോവേദനയുണ്ടായി. എന്നാൽ അവൾ ഏററവും മനോഹാരിണിതന്നെയായിരുന്നു. മഴക്കാലം മുഴുക്കെ തള്ളവിരൽ ഒരു വലിയ കാട്ടിൽത്തന്നെ കഴിച്ചുകൂട്ടി. ഇലകൾകൊണ്ടുണ്ടാക്കപ്പെട്ട ഒരു ശയ്യ മഴയേൽക്കാത്ത വിധത്തിൽ അവളെ പരിരക്ഷിച്ചു. പുഷ്പങ്ങളിൽനിന്നു ലഭിച്ച തേനും ഇലകളിൽനിന്നു കിട്ടിയ മഞ്ഞുതുള്ളികളുമായിരുന്നു അവളുടെ ഭക്ഷണം. ഇത്തരത്തിൽ അവൾ മഴക്കാലം തള്ളിവിട്ടു; പിന്നെ വന്ന വസന്തവും പോയി; മഞ്ഞുകാലം വന്നു. പാടി

ക്കൊണ്ടിരുന്ന പക്ഷികളെല്ലാം പറന്നുപോയി, പുഷ്പങ്ങൾ കൊഴിഞ്ഞുപോയി, മരങ്ങളിൽനിന്ന് ഇലകളെല്ലാം കൊഴിഞ്ഞുവീണു. അവളുടെ ശയ്യ രക്ഷിക്കപ്പെട്ടിരുന്ന സ്ഥലത്തെ ഇലകളെല്ലാം നശിച്ചു. അവളുടെ വസ്ത്രങ്ങൾ മിക്കവാറും കീറിപ്പോയി. ഭയങ്കരമായ മഞ്ഞു ബാധിച്ച് അവൾ മരവിച്ചു മരിക്കാറായി. ഉണങ്ങിയ ഇലകൊണ്ട് അവൾ പുതച്ചുവെങ്കിലും ഫലമുണ്ടായില്ല. അവൾ ശൈത്യംകൊണ്ടു വിറച്ചു.

അവൾ വനംവിട്ടു പലേടങ്ങളിലും അലഞ്ഞുതിരിഞ്ഞു, ഒടുവിൽ ഒരു പാടത്തിലെത്തി. എന്നാൽ അത് ഒരു പാടമാണെന്നു പറഞ്ഞുകൂടാ. ധാരാളം പുല്ലുകൾ വളൎന്നുകൂടിക്കിടന്നിരുന്നതിനാൽ അതു് ഒരു വലിയ കാടുപോലെയാണു കാണപ്പെട്ടതു്. തള്ളവിരൽ കഠിനമായ മഞ്ഞിൽ വിറച്ചുകൊണ്ടിരുന്നു. അവൾ ഒരു എലിയുടെ മാളത്തിലെത്തി. ആ എലി അവിടെ സുഖമായി താമസിക്കയായിരുന്നു. മാളത്തിന്റെ ദ്വാരത്തിൽ വേണ്ടുവോളം ധാന്യങ്ങളും ചൂടും സുഖവും ഉണ്ടായിരുന്നു. ഒരു കൊച്ചു ഭിക്ഷക്കാരിയെപ്പോലെ നമ്മുടെ തള്ളവിരൽ ആ മാളത്തിനകത്തു കടന്ന് ആഹാരം യാചിച്ചു.

"പാവപ്പെട്ട കുഞ്ഞേ, നീ അകത്തു കടന്നുവന്ന് എന്നോടൊപ്പം ഇരുന്നു ഭക്ഷണം കഴിക്കുക" എന്ന് എലി അവളോടു സ്നേഹപൂൎവ്വം പറഞ്ഞു. "നീ ഈ തണുപ്പുകാലം മുഴുവൻ എന്നോടൊന്നിച്ചു കഴിഞ്ഞുകൊള്ളുക. നീ എന്റെ മുറി വൃത്തിയായി സൂക്ഷിക്കയും എനിക്കു കഥകൾ പറഞ്ഞുതരികയും ചെയ്യണം." തള്ളവിരൽ എലി പറഞ്ഞതുകേട്ടു വളരെ സന്തോഷിച്ച് അപ്രകാരം പ്രവൎത്തിച്ചു. അവൾക്കു സുഖവും ആനന്ദവും തോന്നി.

എലി പറഞ്ഞു: "ഇപ്പോൾ നമുക്ക് ഇവിടെ ഒരു സന്ദൎശകനെ ലഭിക്കും. എന്റെ അയൽവാസി ആഴ്ചയിലൊരുതവണ എന്നെ സന്ദൎശിക്കുക പതിവാണ്.

അവന്‌ എന്റെതിനെക്കാൾ വലിയ വീടാണുള്ളത്‌.
അവൻ രോമംകൊണ്ടുള്ള കറുത്ത കോട്ടും ധരിച്ചിരിക്കുന്നു.
അവനെ നീ ഭർത്താവായി സ്വീകരിച്ചാൽ നിനക്ക്‌ ആവ
ശ്യമുള്ളതെല്ലാം നല്കി നിന്നെ അവൻ രക്ഷിച്ചുകൊള്ളും.
എന്നാൽ നീ അവനു നല്ലനല്ല കഥകൾ പറഞ്ഞുകൊടു
ക്കണം.”

അയൽവാസി ഒരു മൂഷികനായിരുന്നതുകൊണ്ടു തള്ള
വിരലിനു് അവനെ കാണുവാൻ ഉൽക്കണ്ഠയുണ്ടായില്ല.

കറുത്ത രോമക്കോട്ടു ധരിച്ച മൂഷികൻ അവരെ
സന്ദർശിക്കാൻ വന്നു. എലി അവന്റെ സാമർത്ഥ്യത്തെയും
വാസസ്ഥലത്തെയുംപററി അവളോടു സ്തുതിച്ചുപറഞ്ഞു.

തള്ളവിരൽ മൂഷികൻ കേൾക്കെ ഒരു പാട്ടുപാടി.
അവൻ ആ പാട്ടിന്റെ മാധുര്യം ആസ്വദിച്ചു് അവളിൽ
അനുരക്തനായി. എന്നാൽ തന്റെ സ്നേഹത്തെപ്പററി
അവൻ ഒന്നും പറയുകയുണ്ടായില്ല. അവൻ ഒരു ഗൗരവ
ക്കാരനായിരുന്നു.

മൂഷികൻ അവിടെനിന്നു പോയതിനുശേഷം അവ
ന്റെ മാളത്തിൽനിന്നു് എലിയും തള്ളവിരലും താമ
സിക്കുന്ന മാളത്തിലേക്കു ഭൂമിയുടെ അടിയിൽക്കൂടി ഒരു
വഴി തുരന്നുണ്ടാക്കി. അവർ പരസ്പരം സന്ദർശിക്കുവാൻ
വരികയും പോകുകയും ചെയ്തുകൊണ്ടിരുന്നതു് ആ വഴി
യിൽക്കൂടിയായിരുന്നു. ആ വഴിയിൽ ഒരു പക്ഷി ചത്തു
കിടക്കുന്നുണ്ടെന്നും അതിനെ കണ്ടു ഭയപ്പെടരുതെന്നും മൂ
ഷികൻ അവരോടു പറഞ്ഞു. ഇരുട്ടത്തു പ്രകാശിക്കുന്ന
ഒരു തടിക്കഷണം കടിച്ചുപിടിച്ചുകൊണ്ടു മൂഷികൻ അ
വർക്കു വഴികാണിച്ചു. അവർ പക്ഷി ചത്തുകിടക്കുന്നിട
ത്തെത്തിയപ്പോൾ മൂഷികൻ മൂക്കുകൊണ്ടു് ആ ദ്വാര
ത്തിന്റെ മുകൾഭാഗം ഇടിച്ചുപൊക്കി. അപ്പോൾ അ
വിടെ ഒരു സുഷിരംവീണു് അതിൽക്കൂടി വെളിച്ചം
അകത്തുകടന്നു. തണുപ്പുപിടിച്ചു ചത്ത ഒരു പക്ഷിയാ

യിരുന്നു അതു്. തള്ളവിരൽ അതിനെ കണ്ടു വളരെ സങ്കടപ്പെട്ടു. പാട്ടുപാടി തന്നെ രസിപ്പിച്ചിരുന്നതിനാൽ അവൾക്കു പക്ഷികളോടെല്ലാം വളരെ പ്രിയമായിരുന്നു. മൂഷികൻ ആ ചത്ത പക്ഷിയെ തന്റെ കുറിയ കാൽകൊണ്ടു് ഒരു ഭാഗത്തേക്കു തട്ടിനീക്കി. അവൻ ഇങ്ങനെ പറഞ്ഞു: "നമ്മൾ ഇനി പാട്ടുപാടരുതു്. എത്ര കഷ്ടമാണു് ഒരു പക്ഷിയായി പിറക്കുന്നതു്! എന്റെ കുഞ്ഞുങ്ങളിലാക്കും ഈ വിധി ഉണ്ടാകാതിരിക്കട്ടെ. കഷ്ടം! കളിച്ചുപാടിക്കഴിയുന്ന ഒരു പക്ഷി തണുപ്പുകാലം വരുമ്പോൾ വിശന്നു മരിക്കുന്നു!"

ഇതുകേട്ട തള്ളവിരൽ പറഞ്ഞു: "അതെ, നിങ്ങളെപ്പോലെ ബുദ്ധിയുള്ള ഒരാൾ അങ്ങനെതന്നെ പറയും. പറന്നുകളിക്കുന്ന ഒരു പക്ഷിക്കു മഞ്ഞുകാലത്തു് എന്താണു ലഭിക്കുന്നതു്? അതു വിശന്നു പട്ടിണികിടന്നു ചാവണം."

"എന്റെ പ്രിയപ്പെട്ട കുഞ്ഞേ, ഞാൻ നിനക്കു വളരെ നന്ദിപറയുന്നു. നീ എനിക്കു നല്ലപോലെ ചൂടു നല്കിയാൽ ഞാൻ എന്റെ ശക്തിയെ വീണ്ടെടുക്കും. ഞാൻ വീണ്ടും പറന്നുപോവുകയും ചെയ്യും." അശക്തയായ ആ പക്ഷി പറഞ്ഞു.

"അയ്യോ! ഇപ്പോൾ വളരെ തണുപ്പാണു്; മഞ്ഞു പൊഴിഞ്ഞുകൊണ്ടിരിക്കുന്നു. നീ നിന്റെ ചൂടുള്ള കിടക്കയിൽനിന്നു് എഴുന്നേല്ക്കരുതു്; നിനക്കു വേണ്ട ശുശ്രൂഷകളും പരിചരണങ്ങളും ഞാൻ നൽകാം."

അവൾ ഒരു പുഷ്പദലത്തിൽ വെള്ളം കൊണ്ടുവന്നു പക്ഷിക്കു കുടിക്കാൻ കൊടുത്തു. മഞ്ഞിൽനിന്നു രക്ഷപെടുവാൻ ചൂടുള്ള ഒരു നാട്ടിലേക്കു താൻ പറന്നുപോവുകയായിരുന്നുവെന്നും, മുള്ളുനിറഞ്ഞ ഒരു കുററിക്കാട്ടിൽവച്ചു തന്റെ ഒരു ചിറകിനു മുറിവേററുവെന്നും, തന്നിമിത്തം തറയിൽ വീണു കിടക്കയായിരുന്നുവെന്നും ആ പക്ഷി തള്ളവിരലിനെ പറഞ്ഞുകേൾപ്പിച്ചു.

മഞ്ഞുകാലം മുഴുക്കെ ആ പക്ഷി അവളുടെ ശുശ്രൂഷ കളേററുകൊണ്ടു് അവിടെ ജീവിച്ചു. ഇക്കാര്യത്തെപ്പററി എലിക്കും മൂഷികനും യാതൊരറിവും ഉണ്ടായിരുന്നില്ല.

മഞ്ഞുകാലം കഴിഞ്ഞു മഴക്കാലം വന്നപ്പോൾ പക്ഷി തള്ളവിരലിനോടു യാത്രപറഞ്ഞു പിരിയുവാൻ ഭാവിച്ചു. "നമുക്കു ദൂരെയുള്ള പച്ചക്കാട്ടുകളിലേക്കു പറന്നു പോകാം. നീ എന്നോടൊന്നിച്ചു വരികയില്ലേ?" പക്ഷി ചോദിച്ചു. താൻ അവിടെനിന്നു വേർപിരിഞ്ഞാൽ എലിക്കു വല്ലായ്മ തോന്നുമെന്നു വിചാരിച്ചു് അവൾ പക്ഷിയോടു് ഇങ്ങനെ മറുപടിപറഞ്ഞു: "എനിക്കു നിന്നോടുകൂടി വരാൻ നിവൃത്തിയില്ല."

"എന്നാൽ വന്ദനം" എന്നുപറഞ്ഞു പക്ഷി പറന്നുപറന്നു് അകലെപ്പോയി മറഞ്ഞു. പറന്നു മറയുവോളം അവൾ നോക്കിക്കൊണ്ടു നിന്നു. അവളുടെ കണ്ണു നിറഞ്ഞു. ആ പക്ഷിയെ അവൾ അത്ര സ്നേഹിച്ചിരുന്നു. പുറമേയുള്ള കാഴ്ചകൾ അതീവ മനോഹരമായിരുന്നുവെങ്കിലും അവൾക്കു് ആ മാളംവിട്ടു പുറത്തിറങ്ങുവാൻ എലിയുടെ അനുമതി ലഭിച്ചിരുന്നില്ല.

"ഇനി നീ നിന്റെ വിവാഹത്തിനു വേണ്ട ഒരുക്കങ്ങൾ ചെയ്യണം. കറുത്ത രോമച്ചട്ട ധരിച്ചിട്ടുള്ള ആ മൂഷികൻ നിന്നെ വിവാഹംചെയ്യുവാൻ ഇച്ഛിക്കുന്നതായി പറഞ്ഞിരിക്കുന്നു. അതിനാൽ നിനക്കു വേണ്ടത്ര കമ്പിളിവസ്ത്രങ്ങൾ ഉണ്ടായിരിക്കണം."

അവൾ തനിക്കുണ്ടായിരിക്കേണ്ട കമ്പിളിവസ്ത്രങ്ങൾ നെയ്യുന്നതിൽ വ്യാപൃതയായി. എല്ലാ രാത്രികളിലും മൂഷികൻ അവളെ സന്ദർശിച്ചുവന്നു. മഞ്ഞുകാലം കഴിഞ്ഞ ഉടനെ തന്റെയും തള്ളവിരലിന്റെയും വിവാഹം നടത്തണമെന്നുള്ളതായിരുന്നു മൂഷികന്റെ നിശ്ചയം. തള്ളവിരലിനെ സംബന്ധിച്ചിടത്തോളം ഈ വിവാഹം ആശാജനകമായിരുന്നില്ല. അവൾ ആ പുരുഷനായ

മൂഷികനെ ഇഷ്ടപ്പെടാതിരുന്നതാണ് അതിൻെറ കാരണം. സൂര്യൻ ഉദിക്കുമ്പോഴും സൂര്യൻ അസ്തമിക്കുമ്പോഴും അവൾ മാളത്തിൽനിന്നു പുറത്തിറങ്ങും. ഒരിഞ്ചുമാത്രം പൊക്കമുള്ള തന്നേക്കാൾ ഉയൻറു നില്ക്കുന്ന ചെടികളും മരങ്ങളും കാററുകൊണ്ടു് ഇളകുമ്പോൾ അവയുടെ വിടവിൽക്കൂടി നീലനിറത്തിലുള്ള ആകാശം അവൾക്കു കാണാൻ കഴിഞ്ഞിരുന്നു. അതിൻെറ വെളിച്ചവും ശോഭയും അവളെ ആനന്ദിപ്പിച്ചു. വേർപെട്ടുപോയ ആ പക്ഷിയെ വീണ്ടും കാണ്ടുമുട്ടണമെന്ന് അവൾ ആഗ്രഹിച്ചു.

അവളുടെ വിവാഹം അടുത്തുവന്നു.

"ഇനി നാലു് ആഴ്ചകൾക്കുള്ളിൽ നിൻെറ വിവാഹം നടക്കും." എലി അവളോടു പറഞ്ഞു. അവൾ ആ മൂഷികനെ ഇഷ്ടപ്പെടുന്നില്ലെന്ന് എലിയെ അറിയിച്ചു.

"നീ ഇങ്ങനെ ഇഷ്ടക്കേടു കാണിച്ചാൽ എൻെറ വെള്ളപ്പല്ലുകൾകൊണ്ടു് ഞാൻ നിന്നെ കടിക്കും. നിൻെറ ഭർത്താവാകാനിരിക്കുന്ന മൂഷികൻ വളരെ സുന്ദരനാണു്. അവനു് എല്ലാ സാധനങ്ങളും നിറഞ്ഞ കലവറയുണ്ടു്. ഇങ്ങനെയുള്ള ഒരുവനെ ഭർത്താവായി ലഭിക്കുന്നതിൽ നീ നിൻെറ ഭാഗ്യനക്ഷത്രത്തോടു നന്ദി പറയണം."

വിവാഹദിവസമായി. മൂഷികൻ അവളെ കൂട്ടിക്കൊണ്ടു പോകാൻ വന്നെത്തി. സൂര്യപ്രകാശത്തെ ഇഷ്ടപ്പെടാതിരുന്ന മൂഷികൻ അവളെ ഭൂമിയുടെ അടിയിൽ താമസിപ്പിക്കാനാണു നിശ്ചയിച്ചിരുന്നതു്. പാവപ്പെട്ട അവൾ വളരെ സങ്കടപ്പെട്ടു. അവൾ സൂര്യപ്രകാശത്തോടും, വെളിയിൽ വളൻറുനിന്നിരുന്ന ചെടികളോടും മററും മനോവേദനയോടുകൂടി യാത്രപറഞ്ഞു. "ആ പക്ഷി വന്നാൽ നിങ്ങൾ എന്നെപ്പററി അതിനോടു പറയണം." എന്നു് അവൾ അവയെ നോക്കി അപേക്ഷിച്ചു. തൽക്ഷണംതന്നെ ആ പക്ഷി തൻെറ തലയ്ക്കു മുകളിൽക്കൂടി പറന്നുവരുന്നതു് അവൾ കണ്ടു. തള്ളവി

രലിനെ കണ്ടപ്പോൾ ആ പക്ഷി ആഹ്ളാദിച്ചു. അവൾ തന്റെ വിവാഹത്തെയും ആ മൂഷികനെയും സംബന്ധിച്ച കഥ പക്ഷിയെ പറഞ്ഞുകേൾപ്പിച്ചു. ഈ സങ്കടാവസ്ഥയിൽ അവൾക്കു കരയാതിരിക്കുവാൻ കഴിഞ്ഞില്ല.

"ഞാൻ ഇതിനെക്കാൾ ചൂടുള്ള ഒരു രാജ്യത്തേക്കു പോകുകയാണ്. നീ എന്നോടുകൂടി വരുന്നുണ്ടോ? നിനക്ക് എന്റെ മുതുകിൽ കയറിയിരിക്കാം. നിന്റെ അരഞ്ഞാൺകൊണ്ടു നിന്നെ എന്നോടു ബന്ധിക്കുക. വിരൂപനായ ആ മൂഷികനേയും ഇരുട്ടറയേയും വെടിഞ്ഞു നമുക്ക് അകലെയകലെയുള്ള രാജ്യത്തേക്കു പറന്നുപോകാം. അവിടെ എപ്പോഴും സൂര്യൻ പ്രകാശിക്കുന്നു. അവിടെ മനോഹരപുഷ്പങ്ങളുണ്ട്. വരിക. ഞാൻ തണുത്തു മരിക്കാറായി കിടന്നപ്പോൾ എന്നെ മരണത്തിൽനിന്നു രക്ഷിച്ചതു നീയാണ്."

"ഞാൻ നിന്നോടുകൂടി വരാം" എന്നുപറഞ്ഞു അവൾ പക്ഷിയുടെ പുറത്തു കയറി. അവളുടെ ശരീരം അതിന്റെ ചിറകിലെ ഒരു തൂവലിനോടു കൂട്ടിക്കെട്ടി. പക്ഷി അവളെയും വഹിച്ചുകൊണ്ടു പറന്നു. മഞ്ഞണിഞ്ഞ ഉന്നതപർവ്വതങ്ങൾ, വനങ്ങൾ, നദികൾ, സമുദ്രം എന്നിവയുടെ മുകളിൽക്കൂടി അവർ പറന്നു. തള്ളവിരൽ പക്ഷിയുടെ ചിറകിനടിയിൽ ഒതുങ്ങിയിരുന്ന്, താഴത്തെ അത്ഭുതകാഴ്ചകൾ കണ്ട് അമ്പരന്നു; ആനന്ദിച്ചു.

അവർ ചൂടുകൂടിയ മറെറാരു രാജ്യത്തെത്തി. അവിടത്തെ പ്രകൃതിവിലാസം കൂടുതൽ മനോഹരമായിരുന്നു. മുന്തിരിത്തോട്ടങ്ങൾ, നാരകത്തോപ്പുകൾ, സുരഭിലപുഷ്പങ്ങളുള്ള പലതരം വൃക്ഷങ്ങൾ, സുഖകരമായ മന്ദമാരുതൻ മുതലായവയാൽ ആ രാജ്യം ആനന്ദസന്ദായകമായിരുന്നു. അവിടത്തെ റോഡുകളിൽ ബാലന്മാർ ചിത്രശലഭങ്ങളുമായി കളിച്ചുകൊണ്ടിരുന്നു. പക്ഷി അവളെയും

ചുമന്നുകൊണ്ടു് ഒരു നീലത്തടാകത്തിന്റെ തീരത്തെത്തി. അവിടെ വെണ്ണക്കല്ലുകൊണ്ടു നിർമ്മിച്ച ഒരു അരമന കാണപ്പെട്ടു. അതിനു ചുററും പരിമളം പ്രസരിപ്പിക്കുന്ന വൃക്ഷലതാദികൾ. മുന്തിരിവള്ളികൾ കൂട്ടംകൂട്ടമായി പടന്നു മുകളിലെത്തിയിരുന്നു. അതിൽ അനേകം പറവക്കൂട്ടുകളുണ്ടായിരുന്നു. അവയിലൊന്നു് അവളുടെ ചങ്ങാതിയായ പക്ഷിയുടേതായിരുന്നു.

"ഇതാണു് എന്റെ വീടു്." ആ പക്ഷി അവളോടു പറഞ്ഞു. "താഴെ കാണപ്പെടുന്ന ഏററവും മനോഹരമായ ഒരു പുഷ്പം നീ തെരഞ്ഞെടുത്താൽ ഞാൻ നിന്നെ അതിൽ താമസിപ്പിക്കാം. നിനക്കു് എല്ലാ സുഖങ്ങളും ഉണ്ടായിരിക്കണമെന്നുള്ളതാണു് എന്റെ ആഗ്രഹം."

"അതു വളരെ ആനന്ദകരമായിരിക്കും" എന്നു പറഞ്ഞു് അവൾ കൈകൊട്ടി.

താഴെ വീണുകിടന്നിരുന്ന മൂന്നു മാർബിൾശിലകളുടെ നടുവിൽ ഏററവും മനോഹരമായ വെള്ളപ്പൂക്കൾ നിന്നിരുന്നു. പക്ഷി അവളെയും വഹിച്ചുകൊണ്ടു താഴ്ന്നുവന്നു് അവളെ ഒരു പുഷ്പത്തിന്റെ ഏററവും വലിയ ദലത്തിൽ ഇരുത്തി. അവിടെ സ്ഫടികംപോലുള്ള ഒരു കൊച്ചുമനുഷ്യൻ ഇരിക്കുന്നതുകണ്ടു് അവൾ ആശ്ചര്യപ്പെട്ടു. തള്ളവിരലിനെക്കാൾ അല്പംകൂടി വലുതായിരുന്ന ആ മനുഷ്യൻ ഒരു സ്വർണ്ണക്കിരീടം ധരിച്ചിരുന്നു. പുഷ്പങ്ങളുടെ ചേതനയായിരുന്നു അതു്. അങ്ങനെ ഓരോ പുഷ്പത്തിലും ഓരോ പുരുഷനോ സ്ത്രീയോ കാണപ്പെട്ടു. എന്നാൽ ആദ്യം കണ്ടയാളായിരുന്നു അവരുടെ രാജാവു്.

"ഹാ! അദ്ദേഹം എത്ര സുന്ദരനായിരിക്കുന്നു!" തള്ളവിരൽ പക്ഷിയോടു മന്ത്രിച്ചു.

പക്ഷിയെ കണ്ടപ്പോൾ ആ ചെറിയ രാജകുമാരൻ വല്ലാതെ ഭയപ്പെട്ടുപോയി. അതു് അദ്ദേഹത്തെക്കാൾ

വളരെ വലുതായിരുന്നു. എന്നാൽ തള്ളവിരലിനെ കണ്ടപ്പോൾ രാജകുമാരന് ആനന്ദം ഉണ്ടായി. താൻ കണ്ടിട്ടുള്ള സ്ത്രീകളിൽവച്ച് അവളായിരുന്നു ഏററവും സുന്ദരി. രാജകുമാരൻ തന്റെ കിരീടം ഊരി തള്ളവിരലിന്റെ തലയിൽ വച്ചുകൊണ്ടു്, അവൾ തന്നെ വിവാഹംചെയ്യുമോ എന്നുചോദിച്ചു. അങ്ങനെ വിവാഹം ചെയ്താൽ അവൾ പുഷ്പങ്ങളുടെയെല്ലാം രാജ്ഞിയായിത്തീരുന്നതാണെന്നും അദ്ദേഹം അവളോടു പറഞ്ഞു.

തവളയുടെയും മൂഷികന്റെയും പുത്രന്മാരെ അപേക്ഷിച്ചു രാജകുമാരൻ വളരെവളരെ വ്യത്യസ്തനായിരുന്നതിനാൽ തള്ളവിരൽ അദ്ദേഹത്തിന്റെ നിർദ്ദേശത്തിനു സമ്മതംമൂളി. ഉടനേതന്നെ മററു പുഷ്പങ്ങളിൽനിന്നു കൊച്ചു പുരുഷന്മാരും കൊച്ചു സ്ത്രീകളും ഇറങ്ങിവന്നു് അവൾക്കു രണ്ടു ചിറകുകൾ സമ്മാനിച്ചു. ആ ചിറകുകൾ അവർ അവളുടെ ഭുജങ്ങളിൽ വച്ചുകെട്ടി. അപ്പോൾ അവൾക്കു പുഷ്പങ്ങൾതോറും പറന്നു സഞ്ചരിക്കാൻ കഴിയുമെന്നായി. അവളെ വഹിച്ചുകൊണ്ടുവന്ന പക്ഷി മുകളിലിരുന്നു് അവരെ നോക്കി ഏററവും മധുരമായി പാടി. എന്നാൽ തള്ളവിരലിന്റെ വേർപാടിൽ പക്ഷിയുടെ മനസ്സിൽ ഖേദവുമുണ്ടാകാതിരുന്നില്ല.

"നിന്നെ മേലാൽ തള്ളവിരൽ എന്നു് ആരും വിളിച്ചുകൂടാ. അതു വൃത്തികെട്ട പേരാണു്. നിന്റെ പേരു് 'മാഗാ' എന്നായിരിക്കും."

ആ പക്ഷി യാത്രപറഞ്ഞു ഡൻമാർക്കിലേക്കു വീണ്ടും പോയി. അവിടെ കഥകൾ പറയുന്ന മനുഷ്യന്റെ വീട്ടിലെ ജന്നലിനു മുകളിൽ അതിനൊരു കൂടുണ്ടായിരുന്നു. അതിൽ ചെന്നിരുന്നു് ആ പക്ഷി പാട്ടുപാടി. അങ്ങനെയാണു നാം കഥ അറിഞ്ഞതു്.

## 6. ചക്രവർത്തിയുടെ പുതിയ ഉടുപ്പുകൾ

വളരെ കൊല്ലങ്ങൾക്കു മുൻപ്, വസ്ത്രാലങ്കാരങ്ങളിൽ വലിയ പ്രതിപത്തിയുള്ള ഒരു ചക്രവർത്തിയുണ്ടായിരുന്നു. അദ്ദേഹം പണമെല്ലാം വസ്ത്രങ്ങൾ വാങ്ങുന്നതിനു ചെലവഴിച്ചു. തന്റെ ഉടുപ്പുകൾ ലോകർ കാണുന്നതിനുവേണ്ടി പുറത്തു സഞ്ചരിക്കുന്നതിലല്ലാതെ മററെല്ലാകാര്യങ്ങളിലും അദ്ദേഹം അനാസ്ഥകാണിച്ചു. ഓരോ മണിക്കൂറിലും ചക്രവർത്തി കോട്ടുകൾ മാറിമാറി ധരിച്ചുവന്നു. കൊട്ടാരത്തിലായിരിക്കുമ്പോൾ എപ്പോഴും അദ്ദേഹം വേഷവിധാനംചെയ്യുന്ന മുറിയിലായിരിക്കും.

വലിയൊരു നഗരത്തിലായിരുന്നു ചക്രവർത്തിയുടെ താമസം. എല്ലാദിവസവും സന്ദർശകന്മാർ വന്നുകൊണ്ടിരുന്നു. ഒരിക്കൽ അദ്ദേഹത്തെ സന്ദർശിച്ചവരുടെ കൂട്ടത്തിൽ, നല്ല നെയ്ത്തുകാരെന്നു കപടമായി അഭിനയിച്ച രണ്ടുപേർ ഉൾപ്പെട്ടിരുന്നു. സങ്കല്പിക്കാൻകൂടി സാധിക്കാത്തവിധം അത്ര മനോഹരമായ നെയ്ത്ത് അഭ്യസിച്ചവരാണു തങ്ങൾ എന്ന് അവർ ചക്രവർത്തിയെ ധരിപ്പിച്ചു. തങ്ങൾ നെയ്യുന്ന വസ്ത്രം ബുദ്ധിശൂന്യന്മാർക്കോ, ഉദ്യോഗത്തിനു പ്രാപ്തിയില്ലാത്തവർക്കോ കാണാൻ സാദ്ധ്യമല്ലെന്ന് അവർ അദ്ദേഹത്തെ അറിയിച്ചു.

"അങ്ങനെയുള്ള നൂൽകൊണ്ടു നെയ്യപ്പെടുന്ന വസ്ത്രം വിലമതിക്കാൻ കഴിയാത്തതായിരിക്കും" ചക്രവർത്തി വിചാരിച്ചു. "അത്തരം വസ്ത്രങ്ങൾ ധരിച്ചാൽ, എന്റെ രാജ്യത്തിലെ ഉദ്യോഗസ്ഥന്മാരിൽ കൊള്ളരുതാത്തവരും ചുണയുള്ളവരും ആരൊക്കെയാണെന്ന് എനിക്കു കണ്ടുപിടിക്കാൻ കഴിയും. അതിനാൽ ആ വസ്ത്രങ്ങൾ എനിക്കു നെയ്തുകിട്ടണം." ചക്രവർത്തി ആ നെയ്ത്തു

കാക്ക്", ജോലി ആരംഭിക്കുവാൻ വലിയൊരു സംഖ്യ നൽകിക്കൊണ്ടു്, വസ്ത്രങ്ങൾ നെയ്യുവാൻ ആജ്ഞകൊടുത്തു.

ജോലി ചെയ്യുകയാണെന്നു തോന്നിപ്പിക്കുമാറു് അവർ രണ്ടു തറികൾ സജ്ജമാക്കി. എന്നാൽ ആ തറികളിൽ യാതൊന്നുംതന്നെ ഉണ്ടായിരുന്നില്ല. ഏററവും മനോഹരമായ പട്ടുനൂലും കസവും അവർ ആവശ്യപ്പെട്ടു. അവർ അതെല്ലാം കീശയിലാക്കി വെറും തറിയിൽ നെയ്ത്തു തുടങ്ങി. അവരുടെ നെയ്ത്തുകണ്ടു് അഭിപ്രായം അറിയിക്കുവാൻ ചക്രവർത്തി തൻെറ മന്ത്രിയെ നിയോഗിച്ചയച്ചു. മന്ത്രി അവർ ജോലിചെയ്യുന്ന മുറിയിൽ ചെന്നു ജോലി പരിശോധിച്ചു. "ഈശ്വരൻ എന്നെ രക്ഷിക്കട്ടെ!" എന്നു വിചാരിച്ചുകൊണ്ടു മന്ത്രി കണ്ണുതുറന്നു നോക്കി. "എനിക്കു യാതൊന്നും കാണുവാൻ കഴിയുന്നില്ല."

കുറേക്കൂടി അടുത്തുവന്നു് നെയ്യുന്നതു നോക്കുവാൻ ആ നെയ്ത്തുകാർ മന്ത്രിയോടു് അഭ്യർത്ഥിച്ചു. തങ്ങൾ നെയ്യുന്ന വസ്ത്രങ്ങളുടെ കരകൾക്കും അതിൻെറ വർണ്ണങ്ങൾക്കും സൗന്ദര്യമുണ്ടോ എന്നു മന്ത്രിയോടു് അവർ ചോദിച്ചു. വസ്ത്രമോ നൂലോ യാതൊന്നുംതന്നെയില്ലാത്ത വെറും തറിയെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അവർ തങ്ങളുടെ ജോലിയെപ്പററി പറഞ്ഞു. മന്ത്രി വീണ്ടും തൻെറ കണ്ണുകൾ പൂർണ്ണമായി വിടർത്തി. അയാൾ ആ തറിയിൽ യാതൊന്നും കണ്ടില്ല. കാണുവാൻ അതിൽ യാതൊന്നും ഉണ്ടായിരുന്നതുമില്ല. "ഞാൻ ഒരു മഠയനാണെന്നുവരുമോ! അങ്ങനെ ഞാൻ ഒരിക്കലും വിശ്വസിക്കുന്നില്ല; ഞാൻ ഒരു മഠയനാണെന്നു് ആരും അറിയരുതു്. ചക്രവർത്തിയാൽ നിയോഗിക്കപ്പെട്ട ജോലിക്കു ഞാൻ പററാത്തവനായിരിക്കുമോ? എങ്ങനെയായാലും തറിയിൽ ഒന്നും കാണാനില്ലെന്ന സത്യം ഞാൻ പുറത്തു പറയുകയില്ല."

"എന്താണു താങ്കൾ ഞങ്ങളുടെ വേലയെപ്പററി ഒന്നും പറയാത്തതു്?" ആ നെയ്ത്തുകാരിൽ ഒരുവൻ മന്ത്രിയോടു ചോദിച്ചു.

"ഹാ! വളരെ മനോഹരമായിരിക്കുന്നു!" എന്നു തന്റെ കണ്ണടയിൽക്കൂടി നോക്കിക്കൊണ്ടു മന്ത്രി മറുപടിപറഞ്ഞു. "അതിന്റെ കരകളും നിറങ്ങളും എന്നെ സംതൃപ്തനാക്കിയിരിക്കുന്നുവെന്നുതന്നെ ഞാൻ ചക്രവത്തിയോടു പറയും."

"അങ്ങനെ പറഞ്ഞുകേട്ടതിൽ ഞങ്ങൾ സന്തോഷിക്കുന്നു" എന്നു നെയ്ത്തുകാർ പറഞ്ഞു. അവർ കരകളേയും നിറങ്ങളെയുംപററി സംസാരിച്ചുകൊണ്ടു് അവയെ മന്ത്രിക്കു വിവരിച്ചുകൊടുത്തു. മന്ത്രി മടങ്ങിച്ചെന്നു ചക്രവത്തിയോടു നല്ല അഭിപ്രായം പറഞ്ഞു.

വഞ്ചകന്മാരായ നെയ്ത്തുകാർ വീണ്ടും പണവും കസവും പട്ടുനൂലും കൂടുതലായി വാങ്ങിച്ചു. അവയെല്ലാം അവർ സ്വന്തം കീശയിലാക്കി. അവർ നെയ്ത്തിനു് ഉപയോഗിച്ച തറിയിൽ ഒരൊററ ഇഴ നൂൽപോലും ഉണ്ടായിരുന്നില്ല. വസ്ത്രം നെയ്യുന്നുവെന്ന നാട്യത്തിൽ അവർ, വഞ്ചിക്കുവാൻവേണ്ടി മാത്രം ജോലി തുടൎന്നുകൊണ്ടിരുന്നു.

നെയ്ത്തു പരിശോധിക്കുവാൻ ചക്രവത്തി തന്റെ ഉദ്യോഗസ്ഥന്മാരിൽ വേറൊരാളിനെക്കൂടി നിയോഗിച്ചു. ആദ്യം പരിശോധിച്ചുപോയ മന്ത്രിയുടെ അനുഭവം തന്നെയാണു്, രണ്ടാമത്തെ ഉദ്യോഗസ്ഥനും ഉണ്ടായതു്. അയാളും തറിയിൽ ഉററുനോക്കി; യാതൊന്നും അവിടെ കണ്ടില്ല.

"എന്താ, നെയ്തുവരുന്ന വസ്ത്രങ്ങൾ എങ്ങിനെയിരിക്കുന്നു; അതു മനോഹരമല്ലേ?" എന്നു നെയ്ത്തുകാർ

അയാളോടു ചോദിച്ചുകൊണ്ടു് അതിനെപ്പററി വിവരിച്ചു. അയാൾ നെയ്ത്തുകാരെയും നെയ്ത്തിനെയും അഭിനന്ദിച്ചു പറഞ്ഞു. ചക്രവത്തിയെ കണ്ടപ്പോഴും അയാൾ അതേ അഭിപ്രായംതന്നെ അറിയിച്ചു.

ഒടുവിൽ ചക്രവത്തിതന്നെ അവരുടെ ജോലി നേരിട്ടുകാണുവാൻ നിശ്ചയിച്ചു. അദ്ദേഹം ഏതാനും ഉദ്യോഗസ്ഥന്മാരുടെ അകമ്പടിയോടുകൂടി നെയ്ത്തുകാരുടെ അടുക്കലേയ്ക്കു പോയി. അവരുടെ കൂട്ടത്തിൽ സത്യസന്ധന്മാരായ രണ്ടു് ഉദ്യോഗസ്ഥന്മാരും ഉൾപ്പെട്ടിരുന്നു. "തറിയിൽ നെയ്തുകൊണ്ടിരുന്ന വസ്ത്രങ്ങൾ മനോഹരമായിരിക്കുന്നില്ലേ? തിരുമേനി കുറേക്കൂടി അടുത്തുവരണം" അതെത്രത്തോളം സുന്ദരമായിരിക്കുന്നുവെന്നു പരിശോധിച്ചാലും!" സത്യസന്ധന്മാരായ ആ ഉദ്യോഗസ്ഥന്മാർ ചക്രവത്തിയോടു പറഞ്ഞു. ചക്രവത്തി ഇങ്ങനെ വിചാരിച്ചു: "ഇതെങ്ങനെ? ഞാൻ അതിൽ ഒന്നും കാണുന്നില്ലല്ലോ. ഇതു വിചിത്രമായിരിക്കുന്നു. ഞാൻ ഒരു മടയനാണെന്നുവരുമോ? അല്ലെങ്കിൽ ചക്രവത്തിയായിരിക്കുവാൻ ഞാൻ യോഗ്യനല്ലെന്നുവരുമോ? അങ്ങനെയാണെങ്കിൽ അതു ദയനീയമായിരിക്കും." താൻ യാതൊന്നും കാണുന്നില്ലെന്നു് അവരോടു പറയുവാൻ അശക്തനായതുകൊണ്ടു്, ചക്രവത്തി അവരുടെ നെയ്ത്തിൽ തൃപ്തനായ മട്ടിൽ തലകുലുക്കി. അദ്ദേഹത്തിൻെറ അകമ്പടിക്കാരും വളരെ സൂക്ഷിച്ചുനോക്കി. യാതൊന്നും കാണാൻ കഴിയാതിരുന്നിട്ടും അവരും മററുള്ളവരെപ്പോലെ സംതൃപ്തിതന്നെ പ്രകടിപ്പിക്കയുണ്ടായി. "അതെ, ഈ വസ്ത്രങ്ങൾ അതിമനോഹരമായിരിക്കുന്നു" എന്നു ചക്രവത്തിയോടു് അവർ പറഞ്ഞു. അടുത്തുവരുന്ന രാജകീയഘോഷയാത്രയിൽ ഈ വസ്ത്രങ്ങൾ ധരിക്കണമെന്നു ചക്രവത്തിയോടു് അവർ അഭ്യത്ഥിച്ചു.

തറയിലായി ഒരു വലിയ പെട്ടിയിരിക്കുന്നതു കാണാം. ആ പെട്ടിയുടെമേൽ ഒരു പട്ടിയിരിക്കുന്നുണ്ടായിരിക്കും. അതിൻെറ കണ്ണുകൾ കപ്പുകളോളം വലിപ്പമുള്ളതാണു്. നിങ്ങൾ ആ പട്ടിയെ വകവയ്ക്കേണ്ടതില്ല. ഞാൻ എൻെറ നീലവിരിപ്പു തരാം. അതു തറയിൽ വിരിച്ചിട്ടു നിങ്ങൾ പട്ടിയുടെ നേരെ നടന്നുചെന്നു് അതിനെ പിടിച്ചു വിരിപ്പിലിരുത്തണം. അപ്പോൾ, എത്ര വേണമെങ്കിലും ആ പെട്ടിയിൽനിന്നു നിങ്ങൾക്കു പണം എടുക്കാം. അതു ചെമ്പുതുട്ടുകളാണു്. വെള്ളിത്തുട്ടുകൾ വേണമെങ്കിൽ നിങ്ങൾ രണ്ടാമത്തെ മുറിയിൽ പ്രവേശിക്കണം. അവിടെയും പെട്ടിപ്പുറത്തു് ഒരു പട്ടിയിരുപ്പുണ്ടു്. അതിൻെറ കണ്ണുകൾ ജലയന്ത്രങ്ങോളം വലുതാണു്. വിരിപ്പു വിരിച്ചു പട്ടിയെ അതിലിരുത്തിയാൽമതി. ആ പെട്ടിയിൽനിന്നും നിങ്ങൾക്കു് ഇഷ്ടമുള്ളത്ര പണം വാരാം. മൂന്നാമത്തെ മുറിയിൽ കടന്നാൽ ഇതേപ്രകാരത്തിൽ അവിടെയുള്ള പെട്ടിയിൽനിന്നു നിങ്ങൾക്കു സ്വർണ്ണനാണ്യങ്ങൾ എടുക്കാം."

"അതു കൊള്ളാമല്ലോ. ഞാൻ നിങ്ങൾക്കു് എന്തു തരണം; തീർച്ചയായും നിങ്ങൾക്കു് എന്തെങ്കിലും ആവശ്യമുണ്ടായിരിക്കുമല്ലോ."

"വേണ്ടാ, എനിക്കു് ഒരു നാണ്യംപോലും തരേണ്ടാ. എൻെറ അമ്മൂമ്മ കഴിഞ്ഞതവണ അവിടെപ്പോയിരുന്നപ്പോൾഅവിടെ ഒരുപെട്ടി വച്ചുമറന്നുപോയിട്ടുണ്ടു്. അതു് എടുത്തുതന്നാൽമാത്രം മതി; ഞാൻ കൃതാർത്ഥയായിരിക്കും."

"കൊള്ളാം, എന്നാൽ നിങ്ങൾ പറഞ്ഞപോലെ എന്നെ കയറുകൊണ്ടു കെട്ടുക." ഭടൻ പറഞ്ഞു.

അങ്ങനെ ഭടൻ മാന്ത്രികയുടെ നീലവിരിപ്പു വാങ്ങി മരത്തിൽകയറി മുകളിലെത്തി. അയാൾ താഴോട്ടു നോക്കിയപ്പോൾ ദ്വാരം കണ്ടു. അതിൽക്കൂടി ഭടൻ താഴോട്ടി

റങ്ങി അടിഭാഗത്തെത്തി. അവിടെ നൂറിൽപരം വിളക്കുകൾ കത്തിക്കൊണ്ടിരിക്കുന്ന തളം കാണപ്പെട്ടു. ഒന്നാമത്തെ മുറി തുറന്ന് അകത്തു കടന്നപ്പോൾ പെട്ടിപ്പുറത്തിരിക്കുന്ന പട്ടി തന്നെ തുറിച്ചുനോക്കുന്നതാണ അയാൾ കണ്ടതു്. വിരിപ്പു വിരിച്ച് അയാൾ പട്ടിയെ അതിൽ ഇരുത്തി, പെട്ടി തുറന്നു ചെമ്പുനാണ്യങ്ങൾ സഞ്ചിയിൽ വാരിയിട്ടു. പെട്ടി പൂട്ടി പട്ടിയെ അതിന്മേൽത്തന്നെ ഇരുത്തി. അനന്തരം ഭടൻ രണ്ടാമത്തെ മുറിയിൽ കടന്നു. അവിടെ കണ്ട പട്ടിയെ നോക്കി അയാൾ ഇങ്ങനെ പറഞ്ഞു: "നീ എന്നെ അങ്ങനെ നോക്കരുതു്; നിൻെറ കാഴ്ചയ്ക്കു തരക്കേടുണ്ടാവും." വിരിപ്പു വിരിച്ചു പട്ടിയെ എടുത്തു അതിലിരുത്തിയിട്ടു ഭടൻ പെട്ടി തുറന്നു വെള്ളിനാണ്യങ്ങൾ വാരി തൻെറ കീശകളും സഞ്ചിയും നിറച്ചു. ആദ്യത്തെ മുറിയിൽനിന്നു കിട്ടിയ ചെമ്പുനാണ്യങ്ങൾ അയാൾ ദൂരെ വലിച്ചെറിഞ്ഞു. പിന്നീടു് അയാൾ മൂന്നാമത്തെ മുറിയിൽ പ്രവേശിച്ചു. ഗോപുരവാതലുകളോളം വലിയ കണ്ണുകളോടുകൂടിയ പട്ടിയെ അയാൾ വിരിപ്പിലിരുത്തിയിട്ടു പെട്ടി തുറന്നു. അതു നിറയെ സ്വർണ്ണം! ഭടൻ ആശ്ചര്യപരതന്ത്രനായി. ഒരു പട്ടണംതന്നെ ഒന്നോടെവിലയ്ക്കു വാങ്ങുവാൻ ആവശ്യമുള്ള സ്വർണ്ണം അവിടെയുണ്ടായിരുന്നു. ലോകത്തുള്ള എല്ലാ കുതിരകളേയും ഭടന്മാരെയും വിലയ്ക്കു വാങ്ങുവാൻതക്ക ധനം അതിലുണ്ടായിരുന്നു. തൻെറ പക്കലുണ്ടായിരുന്ന വെള്ളിനാണ്യങ്ങളെല്ലാം അയാൾ ദൂരത്തെറിഞ്ഞിട്ടു് അവയ്ക്കു പകരം സ്വർണ്ണം വാരിനിറച്ചു. കീശകളിലും സഞ്ചിയിലും മാത്രമല്ല തൻെറ തൊപ്പിയിലും ഷൂസ്സിലും അയാൾ സ്വർണ്ണം നിറച്ചു. തന്നിമിത്തം ഭടനു നടക്കുവാൻതന്നെ കഴിയാതായി. പട്ടിയെ പൂർവ്വസ്ഥാനത്തിരുത്തി അയാൾ വാതിലടച്ച്, മാന്ത്രികയെ വിളിച്ചു.

"എന്നെ വലിച്ചു കയററുക."

"നിങ്ങൾ ഞാൻ പറഞ്ഞ പെട്ടി എടുത്തുവോ?"

"അയ്യോ അക്കാര്യം മറന്നുപോയി" എന്നുപറഞ്ഞു ഭടൻ തിരിയെ ചെന്ന് ആ പെട്ടി കരസ്ഥമാക്കി. മാന്ത്രിക അയാളെ വലിച്ചുകയററി. അയാളുടെ കീശയും സഞ്ചിയും തൊപ്പിയും ഷൂസും എല്ലാം സ്വർണ്ണത്താൽ നിറഞ്ഞിരുന്നു.

"ഈ പെട്ടികൊണ്ടു നിങ്ങൾ എന്തുചെയ്‌വാന വിചാരിക്കുന്നു?" ഭടൻ മാന്ത്രികയോടു ചോദിച്ചു.

"അതേപ്പററി നിങ്ങൾക്കറിയേണ്ട ആവശ്യമില്ല. നിങ്ങൾക്ക പണം കിട്ടിയല്ലോ. എൻെറ പെട്ടി എനിക്ക തന്നേക്കൂ" മാന്ത്രിക പറഞ്ഞു.

"ഇതിൻെറ അത്ഥമെന്താണു്? ആ പെട്ടികൊണ്ടു നിങ്ങൾ എന്തുചെയ്‌വാൻ പോകുന്നുവെന്നു പറയണം. അല്ലാത്തപക്ഷം ഞാൻ എൻെറ ഖഡ്ഗം ഊരി നിങ്ങളുടെ തല വെട്ടിക്കളയും."

"ഞാൻ പറയുകയില്ല" മാന്ത്രിക മറുപടിപറഞ്ഞു.

ഭടൻ അവളുടെ ശിരസ്സു ഛേദിച്ചു. അവൾ അവിടെ മരിച്ചുവീണു. അവളുടെ നീലവിരിപ്പിൽ ഭടൻ സ്വർണ്ണ മെല്ലാം കെട്ടിയെടുത്തു ചുമലിൽ തൂക്കി, ആ പെട്ടി കീശയിൽ കുത്തിക്കയററി നേരേ പട്ടണത്തിലേക്ക നടന്നു.

അതു മനോഹരമായ ഒരു പട്ടണമായിരുന്നു. അവിടെയുള്ള വലിയ ഹോട്ടലുകളിലെല്ലാം കയറി ഭടൻ ഏററവും വിലകൂടിയ ആഹാരസാധനങ്ങൾ വാങ്ങിക്കഴിച്ചു. അയാൾ വിലയേറിയ പുതിയ വസ്ത്രങ്ങൾ വാങ്ങി ധരിച്ചു. ഭടൻ ആ പട്ടണത്തിലെ വലിയ മാന്യന്മാരിലൊരാളായി ഉയന്നു. അവിടെയുള്ള വിശേഷപ്പെട്ട കാഴ്ചകളെയും അത്ഭുതങ്ങളെയുംപററി അയാൾ ഓരോന്ന് അറിഞ്ഞുകൊണ്ടിരുന്നു. രാജാവിനേയും രാജാവിൻെറ മനോഹാരിണിയായ പുത്രിയേയും കുറിച്ചു ഭടൻ അറിയാനിടയായി.

"അവളെ കാണാനുള്ള വഴിയെന്താണു്?" ഭടൻ ആലോചിച്ചു. അവൾ പുറത്തിറങ്ങാറില്ലെന്നും, ചെമ്പു മതിലുകളാൽ ചുററപ്പെട്ട ഒരു അരമനയിലാണു താമസിക്കുന്നതെന്നും ആളുകൾ പറഞ്ഞറിഞ്ഞു. രാജാവിനല്ലാതെ അവൾ താമസിക്കുന്ന ആ കൊട്ടാരത്തിൽ കടക്കുവാൻ മററാൎക്കും സാധിക്കയില്ലെന്നും, അവളെ സാധാരണക്കാരനായ ഒരു ഭടനാണു വിവാഹം ചെയ്യുവാൻപോകുന്നതെന്നും ജനങ്ങൾ പറയാറുണ്ടായിരുന്നു.

"എനിക്കവളെ കാണണം" ഭടൻ ആഗ്രഹിച്ചു. എന്നാൽ അകത്തു പ്രവേശിക്കുവാനുള്ള അനുവാദം അയാൾക്കു് എങ്ങനെ ലഭിക്കും?

ഭടൻ സുഖസമൃദ്ധമായ ഒരു ജീവിതത്തിൽ മുഴുകി. അയാൾ ഒരുദിവസം രാജാവിൻെറ പൂന്തോട്ടത്തിലേക്കു പോയി. പാവങ്ങൾക്കു് അയാൾ ധാരാളം പണം കൊടുത്തിരുന്നു. പണം തീരെ ഇല്ലാതിരുന്നാൽ അനുഭവപ്പെടുന്ന അവസ്ഥയെപ്പററി അയാൾ ഓൎമ്മിച്ചു. ഭടനു് ആ പട്ടണത്തിൽ ഉയൎന്ന പദവിയിലുള്ള ധാരാളം സ്നേഹിതന്മാരെ കിട്ടിയിരുന്നു. അവരെല്ലാവരും ഭടനെപ്പററി നല്ല അഭിപ്രായം പറഞ്ഞു. ദിവസംപ്രതി അയാൾ ധാരാളം പണം വ്യയംചെയ്തുകൊണ്ടിരുന്നു. ഒടുവിൽ ഒരേ ഒരു നാണ്യംമാത്രം അയാളുടെ പക്കൽ അവശേഷിച്ചു. അതുകൊണ്ടു താമസിച്ചിരുന്ന മന്ദിരം വിട്ടു് താഴ്ന്ന നിലയിൽ ജീവിക്കാൻ ഭടൻ പ്രേരിതനായി. അപ്പോൾ സ്നേഹിതന്മാരെല്ലാം അയാളെ കൈവെടിഞ്ഞു. ആരും ഭടനെ തിരിഞ്ഞുനോക്കിയില്ല. മോശപ്പെട്ട ഒരു മുറിയിൽ അയാൾ താമസമായി. അവിടെ ഒരു വിളക്കുപോലും ഉണ്ടായിരുന്നില്ല. രാത്രിയായപ്പോൾ ഭടൻ വെളിച്ചം കിട്ടാതെ കുഴങ്ങി. ഒരു മെഴുകുതിരി വാങ്ങാൻപോലും അയാളുടെ പക്കൽ കാശില്ലായിരുന്നു. തൻെറ കീശയിൽ ഉണ്ടായിരുന്ന ആ പെട്ടി

എടുത്തു് അതിനുള്ളിൽ കിടന്നിരുന്ന ഒരു ഉരുക്കുകമ്പിയും ചെറിയൊരു കല്ലുംകൂടി അയാൾ ഉരസി. തീപ്പൊരി പറന്നപ്പോൾ, ഒന്നാമത്തെ മുറിയിൽ അയാൾ കണ്ടുമുട്ടിയ പട്ടി പ്രത്യക്ഷപ്പെട്ടു.

"അങ്ങയുടെ ആജ്ഞകൾ എന്തെല്ലാം?" പട്ടി ഭടനോടു ചോദിച്ചു. ഭടൻ അത്ഭുതപ്പെട്ടുപോയി. "എനിക്കു കുറെ പണം കൊണ്ടുതരു" ഭടൻ ആജ്ഞാപിച്ചു. തൽക്ഷണം പട്ടി അവിടെനിന്നു് അപ്രത്യക്ഷനായി. അല്പനേരംകഴിഞ്ഞു് ഒരു പണസ്സഞ്ചി കടിച്ചുപിടിച്ചുകൊണ്ടു വീണ്ടും ഭടന്റെ മുൻപിൽ വന്നു.

മാന്ത്രികയിൽനിന്നു ലഭിച്ച ആ പെട്ടി എത്രത്തോളം വിലയേറിയതാണെന്നു ഭടൻ അപ്പോഴാണു് അറിഞ്ഞതു്. ഒരു തവണ ഉരസിയാൽ ചെമ്പുനാണ്യങ്ങൾ സൂക്ഷിക്കുന്ന പട്ടി പ്രത്യക്ഷപ്പെടും. രണ്ടുതവണ ഉരസുമ്പോൾ വെള്ളിനാണ്യം സൂക്ഷിക്കുന്ന പട്ടി വരും. മൂന്നു തവണ ഉരസുമ്പോൾ സ്വർണ്ണം കാക്കുന്ന പട്ടിയും എത്തും.

ഭടൻ വീണ്ടും ഉയന്ന ജീവിതപദവിയെ പ്രാപിച്ചു. അയാൾ മനോഹരമായ മണിമന്ദിരത്തിൽ താമസമാക്കി. മുമ്പുണ്ടായിരുന്ന സ്നേഹിതന്മാരെല്ലാം വീണ്ടും അയാളുടെ ചുററും വന്നുകൂടി. അവർ അയാളെക്കൊണ്ടു വളരെ സമ്പാദിച്ചു. രാജകുമാരിയെ കാണുവാനുള്ള സന്ദർഭം കളഞ്ഞുകൂടാ എന്നു് അയാൾ തീച്ചപ്പെടുത്തി. ഭടൻ മന്ത്രപ്പെട്ടി തുറന്നു കല്ലും കമ്പിയും എടുത്തു് ഒരുതവണ ഉരസി. ഉടനെ ആദ്യത്തെ പട്ടി പ്രത്യക്ഷനായി.

"ഇതു പാതിരാത്രിയാണു്, എനിക്കു് ഒരു നിമിഷനേരത്തേക്കു രാജകുമാരിയെ കാണണമെന്നു മോഹമുണ്ടു്."

പട്ടി തൽക്ഷണം അവിടെനിന്നും മറഞ്ഞു. അടുത്ത നിമിഷത്തിൽ അതു രാജകുമാരിയെ വഹിച്ചുകൊണ്ടു ഭടന്റെ മുൻപിൽ വന്നു. അവൾ പട്ടിയുടെ പുറത്തു്

ഉറങ്ങിക്കിടക്കുകയായിരുന്നു. യഥാർത്ഥത്തിൽ അവൾ ഒരു രാജകുമാരിയാണെന്ന് ആർക്കും മനസ്സിലാക്കാമായിരുന്നു. ഭടനു് അവളെ ചുംബിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഉടനേ തന്നെ പട്ടി രാജകുമാരിയേയുംകൊണ്ടു പിന്തിരിഞ്ഞോടി.

പിറേറന്നു രാവിലെ രാജാവും രാജ്ഞിയും രാജകുമാരിയോടൊന്നിച്ചു പ്രഭാതഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ, രാജകുമാരി അവരോടു താൻ ഒരു പട്ടിയേയും ഭടനേയും സ്വപ്നത്തിൽ കാണുകയുണ്ടായെന്നും, പട്ടിയുടെ പുറത്തു സഞ്ചരിക്കവേ ഭടൻ തന്നെ ചുംബിച്ചുവെന്നും പറഞ്ഞു.

"ഇതു നല്ലൊരു കഥയാണല്ലോ." രാജ്ഞി അഭിപ്രായപ്പെട്ടു. പിറേറന്നു രാത്രി രാജകുമാരിയുടെ ശയ്യോപാന്തത്തിൽ അന്തഃപുരത്തിലെ അംഗനമാരിൽ ഒരാൾ ഉണ്ടായിരിക്കണമെന്നു രാജാവും രാജ്ഞിയും തീർച്ചപ്പെടുത്തി.

ഭടനു രാജകുമാരിയെ കാണണമെന്നു വീണ്ടും തീവ്രമായ ആഗ്രഹം ജനിച്ചു. രാത്രിയായപ്പോൾ പട്ടി രാജകുമാരിയെ എടുത്തുകൊണ്ടുവന്നു. അവളുടെ സമീപത്തിരുന്ന സ്ത്രീ തൻെറ മത്രച്ചെരുപ്പുകളിൽ കയറി അതിവേഗത്തിൽ പട്ടിയെ അനുഗമിച്ചു. പട്ടി രാജകുമാരിയേയും വഹിച്ചുകൊണ്ടു വലിയൊരു വീട്ടിനുള്ളിൽ കടന്നു് അപ്രത്യക്ഷനായി. പിന്തുടന്ന സ്ത്രീ ഒരു കഷണം ചാക്കുകൊണ്ടു് ആ ഭവനത്തിൻെറ വാതിലിൽ ഒരു അടയാളം രേഖപ്പെടുത്തിയിട്ടു കൊട്ടാരത്തിലേക്കു മടങ്ങിപ്പോയി. പട്ടി രാജകുമാരിയുമായി തിരിച്ചുപോയി മടങ്ങി വന്നപ്പോൾ, ആ വീട്ടിൻെറ വാതിലിൽ അടയാളം രേഖപ്പെടുത്തിയിരിക്കുന്നതു കണ്ടു. അവൻ മറെറല്ലാവീടുകളുടേയും വാതിലുകളിൽ അതുപോലുള്ള അടയാളം വരച്ചു.

പിറേറന്നു രാവിലെ രാജാവും രാജ്ഞിയും അരമനയിലെ എല്ലാ ഉദ്യോഗസ്ഥന്മാരുമൊന്നിച്ചു് ആ വീട്ടു

കണ്ടുപിടിക്കാൻ പുറപ്പെട്ടു. ഒരു വീട്ടിന്റെ വാതിലിൽ അടയാളം കണ്ടു് രാജാവു പറഞ്ഞു: "ഇതാണു വീടു്." "അല്ലാ ഇതാണു്" എന്നു മറെറാരു വീട്ടിൽ കണ്ട അടയാളത്തെ നോക്കി രാജ്ഞി പറഞ്ഞു. വേറൊരു വീടു കണ്ട മററു ചിലർ പറഞ്ഞു: "ഇതാണു്." ഇങ്ങനെ ഓരോരുത്തരും ഓരോ വീടു് ചൂണ്ടിപ്പറഞ്ഞു. ആർക്കും ഒന്നും ചെയ്യാൻ കഴിയാതായി. എല്ലാവരും നിരാശരായി പിന്മടങ്ങി.

രാജ്ഞിയാകട്ടെ, വേറൊരുപായം കണ്ടുപിടിച്ചു. അവൾ ഒരു പട്ടുതുണിക്കഷണം വെട്ടിയെടുത്തു് അതു കൊണ്ടു് ഒരു ചെറിയ സഞ്ചിയുണ്ടാക്കി അതിൽ ഗോതമ്പു പൊടി നിറച്ചു് രാജകുമാരിയുടെ കഴുത്തിൽ കെട്ടി. ആ സഞ്ചിയുടെ അടിയിൽ ഒരു ചെറിയ ദ്വാരവും ഉണ്ടാക്കിയിരുന്നു. ഇങ്ങനെ ചെയ്തതു്, അവൾ പോകുന്ന വഴി കണ്ടുപിടിക്കാനായിരുന്നു. പൊടി ചോർന്നു വീഴുമ്പോൾ വഴി ഏതാണെന്നു മനസ്സിലാക്കാം.

രാത്രിയായപ്പോൾ പട്ടി വീണ്ടും വന്നു രാജകുമാരിയെ എടുത്തുകൊണ്ടുപോയി. ഭടൻ അവളെ ക്രമാതീതമായി സ്നേഹിച്ചുകഴിഞ്ഞിരുന്നു. താൻ ഒരു രാജകുമാരനാണെന്നു മനസ്സിലാക്കി അവൾ തന്നെ വിവാഹം ചെയ്യണമെന്നായിരുന്നു ഭടൻ ആശിച്ചതു്.

സഞ്ചിയിൽനിന്നു പൊടി വഴിനീളെ ചോരിഞ്ഞുവീണതു പട്ടി കാണുകയുണ്ടായില്ല. പിറേറന്നു രാവിലെ രാജാവും രാജ്ഞിയും ഗോതമ്പുപൊടിവീണ വഴിയിൽക്കൂടി നടന്നു ഭടന്റെ വീടു കണ്ടുപിടിച്ചു. അയാളെ ബന്ധനസ്ഥനാക്കി തടവിൽ പാർപ്പിച്ചു. അടുത്ത ദിവസംതന്നെ അയാളെ തൂക്കിക്കൊല്ലുന്നതിനു് അവർ നിശ്ചയിച്ചു. ഭടൻ ഭയാകുലനായി. തന്റെ മന്ത്രപ്പെട്ടി ഹോട്ടലിലായിപ്പോയതിനാൽ അയാൾ നിസ്സഹായനായിത്തീർന്നു. നേരം പുലന്നു

പ്പോൾ തന്നെ വധിക്കുന്നത്ു കാണാൻ വധസ്ഥലത്തേക്കു ജനങ്ങൾ കൂട്ടംകൂട്ടമായി പോകുന്നതു് അയാൾ തടവുമുറിയുടെ ജനലിൽക്കൂടി കണ്ടു. പെരുമ്പറയടിക്കുന്ന ശബ്ദം അയാളുടെ ചെവിയിൽ മുഴങ്ങി. ഭടന്മാർ അണിനിരന്നു പോകുന്നതു് അയാൾ കണ്ടു. ഒരു ചെരുപ്പുകുത്തിയുടെ കുട്ടി ധ്രുതഗതിയിൽ ജനക്കൂട്ടത്തെ പിന്നിട്ടുകൊണ്ടു് ഓടുകയായിരുന്നു. അവൻ ഭടൻെറ തടവുമുറിയുടെ അടുത്തുകൂടി പാഞ്ഞു. അപ്പോൾ അവനെ ഭടൻ വിളിച്ചു നിറുത്തി പറഞ്ഞു: "നീ ബദ്ധപ്പെടേണ്ടാ; ഞാൻ ഇവിടെനിന്നു പുറത്തിറങ്ങുവോളം അവിടെ കാണുവാൻ യാതൊന്നും ഉണ്ടായിരിക്കുന്നതല്ല. ഞാൻ താമസിച്ചിരുന്ന സ്ഥലത്തുചെന്നു് എൻെറ മന്ത്രപ്പെട്ടി എടുത്തുകൊണ്ടു തരാമെങ്കിൽ നിനക്കു ഞാൻ ഒരു വെള്ളിനാണയം സമ്മാനം തരാം. വേഗത്തിലാവണം." അവൻ ഓടിച്ചെന്നു പെട്ടിയെടുത്തു് അതു ഭടനെ ഏല്പിച്ചു.

പട്ടണത്തിനു വെളിയിൽ ഉയന്ന പീഠങ്ങൾ കെട്ടിയിരുന്നു. അവയ്ക്കു ചുററും ഭടന്മാർ നിരന്നുനില്പുയാണു്. അവക്കു സമീപത്തു് അനേകായിരം ജനങ്ങളും സ്ഥലം പിടിച്ചിരിക്കുന്നു. രാജാവും രാജ്ഞിയും മനോഹരമായ സിംഹാസനങ്ങളിൽ ഇരിക്കുന്നു; അവക്കെതിരായി ജഡ്ജിമാരും ഭരണനിവ്വാഹകസംഘത്തിലെ മററംഗങ്ങളും.

ഭടനെ ഏണിയുടെ മുകളിൽ കയററിനിത്തി. കഴുത്തിൽ കയർ വീഴാൻ നേരമായപ്പോൾ അയാൾ തൻെറ ഒടുവിലത്തെ ആശ നിറവേററുവാൻ അനുവദിക്കണമെന്നു് അഭ്യത്ഥിച്ചു. ഒരു ചുരുട്ടു കൊളുത്തി വലിക്കണമെന്നതായിരുന്നു ഭടൻെറ ആവശ്യം. അതിനു രാജാവു് അനുമതിയും നൽകി. ഭടൻ തൻെറ മന്ത്രപ്പെട്ടിയെടുത്തു് ഉരസി. ഒന്നു്, രണ്ടു്, മൂന്നു്! മൂന്നു പട്ടികളും അയാളുടെ മുൻപിൽ പ്രത്യക്ഷപ്പെട്ടു. "എന്നെ തൂക്കികൊല്ലാതിരിക്കുവാൻ എന്തെങ്കിലും സഹായം ചെയ്യുക" ഭടൻ പട്ടിക

നെയ്ത്തു സന്ദർശിച്ച ഓരോരുത്തരും അതു വളരെ മനോഹരവും ആകർഷകവുമായിരിക്കുന്നുവെന്നു പറഞ്ഞു. എല്ലാവരും സന്തോഷഭരിതരായി. തങ്ങൾ കൊട്ടാരം നെയ്ത്തുകാരാണെന്നു കാണിക്കുവാൻ ഓരോ അടയാളം ധരിക്കുവാൻ ചക്രവത്തി ആ നെയ്ത്തുകാരോട്ട് ആജ്ഞാപിച്ചു.

ഘോഷയാത്ര നിശ്ചയിക്കപ്പെട്ടിരുന്നതിൻെറ തലേദ്ദിവസം രാത്രി നെയ്ത്തുകാർ ഉറങ്ങാതിരുന്നു. അവരുടെ മുറിയിൽ ഇരുപതിൽ കൂടുതൽ ദീപങ്ങൾ എരിഞ്ഞുകൊണ്ടിരുന്നു. ചക്രവത്തിയുടെ പുതിയ വസ്ത്രങ്ങൾ ഒരുക്കുന്നതിൽ അവർ വ്യാപൃതരായിരിക്കയാണെന്ന് എല്ലാവരും വിചാരിച്ചു. നെയ്ത്തുകാർ ചക്രവത്തിയുടെ മുമ്പിൽ ഹാജരായി. അവർ എന്തോ പിടിച്ചിരിക്കുന്നുവെന്ന നാട്യത്തിൽ കൈകൾ ഉയത്തി, തങ്ങൾ നെയ്തെടുത്ത വസ്ത്രങ്ങളെപ്പററി ചക്രവത്തിയോടു വിവരിച്ചു. “ഇവ കാണാൻ സാധിക്കാത്തവിധത്തിൽ നേരിയതാണ്; കാണാൻ കഴിയാതിരിക്കുന്നതിലാണ് ഇതിൻെറ മാഹാത്മ്യവും സൗന്ദര്യവും അടങ്ങിയിരിക്കുന്നതു്.”

“തിരുമേനി ഇപ്പോൾ ധരിച്ചിരിക്കുന്ന വസ്ത്രങ്ങൾ അഴിച്ചുമാററിയാൽ ഞങ്ങൾ പുതിയ വസ്ത്രങ്ങൾ ഓരോന്നായി, കണ്ണാടിയുടെ മുൻപിൽ നില്ക്കുന്ന തിരുമേനിയെ അണിയിക്കാം” എന്നു നെയ്ത്തുകാർ പറഞ്ഞു.

ചക്രവത്തി തൻെറ ഉടുപ്പുകൾ ഓരോന്നായി അഴിച്ചുമാററി. നെയ്ത്തുകാർ അദ്ദേഹത്തെ പുതിയ വസ്ത്രങ്ങൾ ധരിപ്പിക്കുന്നതായി അഭിനയിച്ചു. അതു നോക്കിനിന്ന എല്ലാവരും ആ വസ്ത്രങ്ങളുടെ അഴകിനെയും യോജിപ്പിനെയും കുറിച്ചു പ്രശംസിച്ചു പറഞ്ഞു.

ഘോഷയാത്രയ്ക്കു സമയമായി എന്നു് അദ്ദേഹത്തെ ഉദ്യോഗസ്ഥന്മാർ അറിയിച്ചു. “ഞാൻ ഒരുങ്ങിക്കഴിഞ്ഞു.

പുതിയ വസ്ത്രങ്ങൾ എനിക്കു യോജിപ്പുള്ളതല്ലേ?" എന്നു ചോദിച്ചുകൊണ്ടു ചക്രവത്തി നിലക്കണ്ണാടിയുടെ മുമ്പിൽ നിന്നു് അദ്ദേഹത്തിൻെറ പുതിയ വേഷവിധാനത്തെ ഒരിക്കൽക്കൂടി പരിശോധിച്ചു.

ചക്രവത്തി ഇറങ്ങി കാൽനടയായി ഘോഷയാത്ര തുടൻ. അദ്ദേഹത്തെ കാണുവാൻ ഇരുവശങ്ങളിലും തിങ്ങിനിന്നിരുന്നവരെല്ലാം ചക്രവത്തിയുടെ പുതിയ വേഷവിധാനത്തെ വാഴ്ത്തിപ്പറഞ്ഞു. അവർ ആ ഉടുപ്പുകളുടെ ഭംഗിയെ പുകഴ്ത്തി. ഒരു ചെറിയ കുട്ടിമാത്രം ചക്രവത്തിക്കു് ഉടുപ്പില്ലെന്നു് ഉച്ചത്തിൽ പറയുകയുണ്ടായി. ആ കുട്ടിയുടെ വാക്കുകൾ ജനങ്ങളുടെ ഇടയിൽ പ്രചരിച്ചു. ചക്രവത്തിക്കു് ഉടുപ്പില്ലെന്നു് അവരെല്ലാവരും ഒന്നിച്ചു വിളിച്ചുപറഞ്ഞു.

ചക്രവത്തി വളരെ വിഷമിച്ചു. ജനങ്ങൾ പറഞ്ഞതു ശരിയാണെന്നു് അദ്ദേഹത്തിനു മനസ്സിലായി. "ഏതായാലും ഘോഷയാത്ര ആരംഭിച്ചുപോയല്ലൊ. ഇനി അതു തുടൻ നടക്കട്ടെ" എന്നുമാത്രം ചക്രവത്തി പ്രസ്താവിച്ചു.

## 7. സഞ്ചാരിയായ കൂട്ടുകാരൻ

അപകടകരമായ രോഗത്തിൽനിന്നു് അച്ഛൻ രക്ഷ നേടുകയില്ലെന്നു തോന്നിയപ്പോൾ പാവപ്പെട്ട ജാൺ വളരെ ദുഃഖിച്ചു. ജാണും പിതാവും മാത്രമേ ആ മുറിയിൽ ഉണ്ടായിരുന്നുള്ളു. അവിടെ മേശപ്പുറത്തിരിക്കുന്ന വിളക്കു മങ്ങിയെരിയുന്നു; അതു് അണഞ്ഞുപോകാറായി.

"നീ നല്ല പുത്രനായിത്തന്നെ ഇത്രനാളും ജീവിച്ചു. പരലോകത്തു ചെല്ലുമ്പോൾ ഈശ്വരൻ നിന്നെ സഹായിക്കും" എന്നു പറഞ്ഞുകൊണ്ടു് ആ പിതാവു മരിച്ചു. അമ്മയോ സഹോദരനോ സഹോദരിയോ ആരുംതന്നെ ഇല്ലാതിരുന്ന ജാൺ പിതാവിൻെറ ചരമത്താലുണ്ടായ ദുഃഖം സഹിക്കാതെ നിലവിളിച്ചു. അവൻ കിടക്കയ്ക്കു സമീപം മുട്ടുകുത്തി മരിച്ചുപോയ അച്ഛൻെറ കരങ്ങളെ ചുംബിച്ചു. കരഞ്ഞു കരഞ്ഞു് അവൻ തല കിടക്കയിൽ ചായ്ച്ചുവച്ചു് അവിടെ കിടന്നു് ഉറങ്ങിപ്പോയി.

അവൻ ഒരസാധാരണ സ്വപ്നം കണ്ടു. സൂര്യനും ചന്ദ്രനും തൻെറ മുൻപിൽ തലകുനിക്കുന്നുവെന്നു് അവനു തോന്നി. അച്ഛൻ സന്തോഷഭരിതനായി ചിരിക്കുന്നതും കേട്ടു. തലയിൽ ഒരു സ്വർണ്ണക്കിരീടം ധരിച്ച മനോഹാരിണിയായ ഒരു ബാലിക അദ്ദേഹത്തിൻെറ നേക്കു കരം നീട്ടി. അപ്പോൾ അച്ഛൻ പറഞ്ഞു: "നിനക്കു് എത്ര സുന്ദരിയായ വധുവാണുള്ളതെന്നു നോക്കുക. ലോകത്തിൽവച്ചു് അവളാണു് ഏററവും സുന്ദരിയായിട്ടുള്ളവൾ." ജാൺ കണ്ണു തുറന്നു. അവൻ കണ്ടതും കേട്ടതും എല്ലാം മറന്നുപോയി. അടുത്തു മരിച്ചു കിടക്കുന്ന പിതാവു മാത്രമുണ്ടു്. പാവപ്പെട്ട ജാൺ!

അടുത്ത ആഴ്ചയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു. അങ്ങനെ തന്നെ നിസ്സീമമായി സ്നേഹിക്കുകയും അല്ല

കാരം തന്നാൽ സ്നേഹിക്കപ്പെട്ടുകയും ചെയ്തിരുന്ന തന്റെ പിതാവു നഷ്ടപ്പെട്ടതിലുള്ള ഖേദം അവനെ കരയിച്ചു. വൃക്ഷങ്ങൾക്കു മുകളിൽ പ്രകാശിച്ചുകൊണ്ടിരുന്ന സൂര്യൻ ജാണിനെ നോക്കി ഇങ്ങനെ പറയുന്നതുപോലെ തോന്നി: "ജാൺ, നീ ഖേദിക്കരുതു്". മനോഹരമായ നീലാകാശത്തെ നോക്കുക; നിന്റെ അച്ഛൻ അവിടെ സ്വർഗ്ഗത്തിൽ ഇരുന്നു നിനക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുകയാണു്."

ജാൺ ഇങ്ങനെ പറഞ്ഞു: "ഞാൻ ദുഃഖിക്കയില്ല. ഞാൻ സ്വർഗ്ഗത്തിലേയ്ക്കു്, എന്റെ അച്ഛന്റെ അടുക്കലേക്കു പോകും. ഞങ്ങൾ തമ്മിൽ കാണുമ്പോൾ എന്തൊരാനന്ദമായിരിക്കും ഞങ്ങൾ അനുഭവിക്കുന്നതു്? എനിക്കു് അച്ഛനോടു വളരെക്കാര്യങ്ങൾ പറയുവാനുണ്ടു്. സ്വർഗ്ഗത്തിലെ പല കാഴ്ചകളും അദ്ദേഹം എനിക്കു കാട്ടിത്തരും. ഭൂമിയിൽവച്ചു് എന്നെ പഠിപ്പിച്ചതുപോലെ സ്വർഗ്ഗത്തിൽവച്ചും അച്ഛൻ എന്നെ പഠിപ്പിക്കും. ഹാ! അതെത്ര ആനന്ദകരമായിരിക്കും."

ജാൺ ആനന്ദത്താൽ മന്ദഹസിച്ചു; അവന്റെ കണ്ണിൽനിന്നു ബാഷ്പധാരയൊഴുകി. കിളികൾ മരങ്ങളിൽ ഇരുന്നു് അവനെ നോക്കി ചിലച്ചു. അവന്റെ അച്ഛന്റെ മൃതദേഹം മറവുചെയ്യുന്ന അവസരത്തിൽ ആ കിളികൾ അതിനടുത്തുള്ള വൃക്ഷങ്ങളിലുണ്ടായിരുന്നു. ഭൂമിയിൽ സൽസ്വഭാവിയായി ജീവിച്ച അദ്ദേഹം തങ്ങളുടേതിനെക്കാൾ വലിയ ചിറകുകളോടെ സ്വർഗ്ഗത്തിൽ പറന്നെത്തിയിരിക്കയാണെന്നു് ആ കിളികൾ അറിഞ്ഞു. അവ മരുലോകത്തേയ്ക്കു പറന്നുയർന്നു പോകുന്നതു ജാൺ കണ്ടുകൊണ്ടു നിന്നു. അവൻ അച്ഛന്റെ ശവകുടീരത്തെ പുഷ്പങ്ങളാലും മററും അലങ്കരിച്ചു.

പിറേറന്നു രാവിലെ ജാൺ തന്റെ കൈവശമുള്ള ചില്ലറ കാശും മററു സാധനങ്ങളും ഒരു കെട്ടിലാക്കി

ലോകത്തു് അലയുവാനായി പുറപ്പെട്ടു. ആദ്യം അവൻ പിതാവിൻെറ ശവകടീരത്തിനു സമീപത്തുചെന്നു് അദ്ദേഹത്തോടു യാത്രചോദിച്ചു. "പ്രിയപ്പെട്ട അപ്പാ, ഞാൻ നല്ലവനായിത്തന്നെ വളരും. അതിനാൽ അങ്ങ് ഈശ്വരനോട്ട് എനിക്കുവേണ്ടി പ്രാർത്ഥിക്കണം." സമീപത്തായി അവൻ കണ്ട വിശാലമായ പാടത്തിൽ പുഷ്പങ്ങൾ കാററത്തുലയുന്നുണ്ടായിരുന്നു. അവനെ നോക്കി അവ അഭിവാദനംചെയ്യുന്ന മട്ടിൽ തലകലുക്കി.

വിശിഷ്ടവും അത്ഭുതകരവും ആയ ഈ ലോകത്തു തനിക്കു് എന്തെല്ലാം കാഴ്ചകൾ കാണാനുണ്ടായിരിക്കും എന്നു ജാൺ വിചാരിച്ചുകൊണ്ടു് അവൻ മുൻപു കണ്ടിട്ടില്ലാത്ത പല സ്ഥലങ്ങളും സന്ദർശിച്ചു വളരെ ദൂരം സഞ്ചരിച്ചു.

ആദ്യത്തെ രാത്രിയിൽ അവനു തുറസ്സായ ഒരു വയലിൽ ഒരു വയ്ക്കോൽകെട്ടിലാണു് ഉറങ്ങേണ്ടിവന്നതു്. വേറെ സൌകര്യമായ സ്ഥലം കണ്ടുകിട്ടിയില്ല. ജാൺ സന്തുഷ്ടനായി കാണപ്പെട്ടു. വയലിൻെറ ഒരുഭാഗത്തു ചെറിയൊരു നദിയൊഴുകുന്നു. താഴെ വയ്ക്കോൽക്കെട്ടും മുകളിൽ നീലാകാശവും. പുഷ്പങ്ങളോടുകൂടിയ പച്ചപ്പുല്ലു നിറഞ്ഞ വയൽപ്രദേശം അവനുവേണ്ടി വിരിക്കപ്പെട്ട പരവതാനിപോലെ ശോഭിച്ചു. ആകാശത്തു പൂർണ്ണചന്ദ്രൻ പ്രകാശിക്കുന്നു. ജാൺ ആനന്ദഭരിതനായി. അവൻ സമാധാനത്തോടും സമാശ്വാസത്തോടുംകൂടി നിർബ്ബാധമായി ഉറങ്ങി. ചുററുപാടുമുള്ള പക്ഷികൾ പ്രഭാതത്തിൽ ഉണർന്നു് അവനു സ്വാഗതമോതി.

അന്നൊരു ഞായറാഴ്ചയായിരുന്നതിനാൽ ആളുകളെല്ലാം പുരോഹിതൻെറ പ്രസംഗം കേൾക്കുവാൻ പള്ളിയിൽ പോയി. ജാൺ അവരെ അനുഗമിച്ചു. ദൈവവാക്യങ്ങൾ ഉച്ചരിച്ചതു് അവൻ കേട്ടു. അവൻ മററുള്ളവരോടുചേർന്നു സ്തോത്രങ്ങൾ പാടി.

ആ പള്ളിയുടെ പ്രാന്തത്തിൽ പുല്ലുകളാൽ മൂടപ്പെട്ട അനേകം ശവകുടീരങ്ങളുണ്ടായിരുന്നു. അവ കണ്ട പ്പോൾ ജാൺ തന്റെ പിതാവിന്റെ ശവകുടീരത്തെ ഓർമ്മിച്ചു. ഒരുകാലത്തു് അതും ഇങ്ങനെ പുല്ലു മൂടി ക്കിടക്കുമെന്നു് അവൻ വിചാരിച്ചു. ജാൺ അവിടെ ഇരുന്നു ശവകുടീരങ്ങളുടെ മേൽ വളൎന്നുകിടന്ന പുല്ലു കൾ പറിച്ചുമാററി; താഴത്തു വീണുപോയ കുരിശുകൾ എടുത്തു് ഉയൎത്തിനിറുത്തി. ആരെങ്കിലും ഇങ്ങനെ തന്റെ അപ്പന്റെ ശവകുടീരത്തെയും ശരിപ്പെടുത്തു മെന്നു് അവൻ ആശിച്ചു.

പള്ളിയുടെ ഗേററിനുവെളിയിൽ ഒരു ഭിക്ഷക്കാരൻ നില്ക്കുന്നതുകണ്ടു്, ജാൺ തന്റെ പക്കലുള്ള കുറേക്കാശു് അവനു ദാനംചെയ്തിട്ടു വീണ്ടും യാത്രതുടൎന്നു.

വൈകുന്നേരത്തു വലിയൊരു കൊടുങ്കാററുണ്ടായി. എവിടെയെങ്കിലുംപോയി രക്ഷനേടുവാൻ ജാൺ ഉത്സാ ഹിച്ചു. രാത്രിയായപ്പോൾ അവനു അടുത്തുള്ള ഒരു പള്ളിയിൽ കടന്നു. കാററു ശമിക്കുവോളം അതിനു ള്ളിൽത്തന്നെ കഴിഞ്ഞുകൂടുവാനാണു് ജാൺ വിചാരി ച്ചതു്. അവൻ അവിടെ കിടന്നുറങ്ങിപ്പോയി. ഉണ ൎന്നപ്പോൾ പാതിരാത്രിയായിരുന്നു. കൊടുങ്കാററു് അട ങ്ങിയിരുന്നു. ജനലിൽകൂടി ചന്ദ്രിക അകത്തു കടന്നു വന്നു. പള്ളിയുടെ അകത്തു് ഒരു ശവപ്പെട്ടിയിൽ അവൻ ഒരു മനുഷ്യന്റെ മൃതദേഹം കണ്ടു. എന്നാൽ മൃതനായ മനുഷ്യൻ ആരെയും ഉപദ്രവിക്കയില്ലെന്നു് അറിയാമായി രുന്നതിനാൽ അവൻ ഭയപ്പെട്ടില്ല. ജീവിക്കുന്ന ദുർവൃ ത്തന്മാരാണു് ആളുകളെ ഉപദ്രവിക്കുന്നതു്. ആ മൃത ദേഹം അടക്കംചെയ്തിരുന്ന പെട്ടിയുടെ ഇരുഭാഗങ്ങളിലും ദുർവൃത്തരായ രണ്ടാളുകൾ നില്ക്കുന്നുണ്ടായിരുന്നു. മൃതദേ ഹത്തെ അതിൽനിന്നെടുത്തു വെളിക്കെറിയുവാനായി രുന്നു അവരുടെ ഉദ്യമം.

"എന്തിനു നിങ്ങൾ അങ്ങനെ ചെയ്യുന്നു? അതൊരു ദുഷ്പ്രവൃത്തിയാണ്. മരിച്ച മനുഷ്യൻ അങ്ങനെ കിടന്നു വിശ്രമിച്ചുകൊള്ളട്ടെ" എന്നു ജോൺ അവരോടു പറഞ്ഞു.

"അസംബന്ധം പറയരുത്. അവൻ ഞങ്ങളെ ചതിച്ചവനാണ്. ഞങ്ങൾക്ക് അവനു കുറെ പണം തരാനുണ്ടായിരുന്നു. അതു തരാതെയാണ് അവൻ മരിച്ചത്. അതിനാൽ ഞങ്ങൾ പ്രതികാരം ചെയ്യുകയാണ്. ചത്ത പട്ടിയെപ്പോലെ അവൻ പള്ളിയ്ക്കു വെളിയിൽ കിടക്കട്ടെ." അവർ മറുപടി പറഞ്ഞു.

"എന്റെ കൈവശം ചെറിയ ഒരു തുകയുണ്ട്. നിങ്ങൾ അയാളെ എടുത്തു വെളിക്ക് എറിയുകയില്ലെന്നു വാഗ്ദാനംചെയ്താൽ ഞാൻ ആ കാശത്രയും നിങ്ങൾക്കു തരാം. ഞാൻ കാശില്ലാതെ പൊയ്ക്കൊള്ളാം. ഈശ്വരൻ എന്നെ സഹായിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്."

"കൊള്ളാം; നിങ്ങൾ പണം തരുമെങ്കിൽ ഞങ്ങൾ അവനെ ഒന്നും ചെയ്കയില്ലെന്നു വാക്കുതരുന്നു." ജോൺ കൊടുത്ത പണം വാങ്ങി അവര അവിടെനിന്നു പോയി. ജോൺ ഒരു കാശുപോലും കയ്യിലില്ലാതെ കാടുകളിൽ കൂടി വീണ്ടും അലഞ്ഞുതിരിഞ്ഞു സഞ്ചാരം തുടങ്ങി. അവൻ വനത്തിന്റെ അതിർത്തി കടന്നപ്പോൾ ഇങ്ങനെ ഒരു മനുഷ്യശബ്ദം കേട്ടു: "സ്നേഹിതാ, നിങ്ങൾ എവിടെ പോവുന്നു?"

"ഞാൻ വിസ്തൃതമായ ലോകത്തിൽ സഞ്ചരിക്കുന്നവനാണ്. എനിക്കു മാതാപിതാക്കന്മാരില്ല. ഞാൻ സാധുവായ ഒരു കുട്ടിയാകുന്നു. ഈശ്വരൻ എന്നെ സഹായിക്കും" എന്നു ജോൺ മറുപടി പറഞ്ഞു.

"ഞാനും അങ്ങനെ സഞ്ചരിക്കുന്നവനാണ്. അതു കൊണ്ടു നമുക്കു് ഒരുമിച്ചു യാത്രചെയ്യാം."

അങ്ങനെ അവർ ഒന്നിച്ചുകൂടി വലിയ ചങ്ങാതിമാരായിത്തീൎന്നു. തന്നെക്കാൾ തന്റെ സ്നേഹിതൻ സാമൎത്ഥ്യവും ലോകപരിചയവും ഉള്ളവനാണെന്നു ജാണിനു മനസ്സിലായി.

അവർ പ്രഭാതഭക്ഷണം കഴിക്കുവാൻ ഒരു വൃക്ഷച്ചുവട്ടിൽ ഇരുന്നപ്പോൾ സൂൎയ്യൻ ഉദിച്ചുയന്നിരുന്നു. പ്രായമുള്ള ഒരു സ്ത്രീ അവരുടെ സമീപത്തു വന്നു. കാട്ടിൽ നിന്നു സംഭരിച്ച ഒരുകെട്ടു വിറകു് അവൾ ചുമലിൽ വഹിച്ചിരുന്നു. അടുത്തെത്തിയപ്പോൾ അവൾ മറിഞ്ഞു നിലംപതിച്ചു. വീഴ്ചയിൽ അവളുടെ ഒരു കാൽ ഒടിഞ്ഞുപോയി.

അവളെ എടുത്തു് അവളുടെ വീട്ടിൽ എത്തിക്കണമെന്നു ജാൺ അഭിപ്രായപ്പെട്ടു. തന്റെ സ്നേഹിതൻ അയാളുടെ സഞ്ചി തുറന്നു് അവളുടെ ഒടിഞ്ഞ കാൽ ശരിപ്പെടുത്തുവാൻ ഒരു ഔഷധം പുറത്തെടുത്തു. അവൾ വീട്ടിൽ നടന്നുപൊയ്ക്കൊള്ളുമെന്നു സ്നേഹിതൻ പറഞ്ഞു. എന്നാൽ കാൽ ശരിപ്പെടുത്തുന്നതിനു പ്രതിഫലമായി അവൾ തന്റെ കെട്ടിലുള്ള മൂന്നു് ഇലകൾ തനിക്കു നൽകണമെന്നു് അയാൾ ആവശ്യപ്പെട്ടു. ഔഷധം ഉപയോഗിച്ചപ്പോൾ അവളുടെ ഒടിഞ്ഞ കാൽ പൂൎവ്വസ്ഥിതിയെ പ്രാപിച്ചു. അതിനാൽ അവൾ അയാൾക്കു പ്രതിഫലമായി ആ ഇലകൾ നൽകി.

"എന്തിനാണു് ഈ ഇലകൾ?" ജാൺ കൂട്ടുകാരനോടു ചോദിച്ചു.

"അവയിൽ ധാരാളം പുഷ്പങ്ങൾ ഉണ്ടാകും. എനിക്കവയോടു വളരെ പ്രിയമാണു്."

സ്നേഹിതന്മാർ വീണ്ടും വളരെദൂരം സഞ്ചരിച്ചു.

"നോക്കൂ, ആകാശത്തു മേഘങ്ങൾ വന്നടിയുന്നു" എന്നു സ്നേഹിതൻ ദൂരെ ചൂണ്ടിക്കാണിച്ചുകൊണ്ടു ജാണിനോടു പറഞ്ഞു.

"അവ മേഘങ്ങളല്ല; കാടുകളാൽ മൂടപ്പെട്ട വലിയ പർവ്വതനിരകളാണ്." ജാൺ മറുപടിപറഞ്ഞു.

ആ വമ്പിച്ച പർവ്വതം കടന്നുപോകുന്നതു കഠിനമായ ഒരു അദ്ധ്വാനമാണെന്നു സ്നേഹിതന്മാക്കു തോന്നി. അതിനാൽ അവർ അന്നേദിവസം വിശ്രമിക്കുവാനായി ഒരു സത്രത്തിൽ കയറി അവിടെ താമസിച്ചു.

ആ സത്രത്തിൽ ധാരാളം ആളുകൾ ഉണ്ടായിരുന്നു. അവരിൽ ഒരാൾ പാവകളെക്കൊണ്ടു് ഓരോ കളി നടത്തുന്നതു സ്നേഹിതന്മാര കണ്ടു. അയാളുടെ ചുററും കാഴ്ചക്കാർ ഇരുന്നിരുന്നു. അവരിൽ ഒരാൾക്കു വലിയൊരു ബുൾപ്പട്ടിയുണ്ടായിരുന്നു.

ഒരു രാജാവിൻെറയും ഒരു രാജ്ഞിയുടെയും രൂപത്തിലുള്ള പാവകളെയാണ് അയാൾ കളിപ്പിച്ചുകൊണ്ടിരുന്നതു്. ആ കാഴ്ച കണ്ടുകൊണ്ടിരുന്ന വിരൂപിയായ പട്ടി "രാജ്ഞിയെ" ചാടിക്കടിച്ചു. അതു ഭയാനകമായ ഒരു കാഴ്ചയായിരുന്നു. പാവകളുടെ ഉടമസ്ഥൻ ഭയകമ്പിതനായി. അയാൾ വളരെ പരിതപിച്ചു. പട്ടി കടിച്ച പാവയായിരുന്നു അയാളുടെ പക്കലുണ്ടായിരുന്ന ഏററവും മനോഹരമായ പാവ. പട്ടിയുടെ കടിയേററു് അതിനു സാരമായ പരുക്കു പററിയിരുന്നു.

കാണികളെല്ലാവരും അവിടെനിന്നു പോയപ്പോൾ ജാണിൻെറ കൂട്ടുകാരൻ തൻെറ സഞ്ചി തുറന്നു് ആ ഔഷധം എടുത്തു പാവയുടെ പുറത്തു പുരട്ടി. തൽക്ഷണം അതു കേടുപാടുകൾ തീൎന്നു പൂർവ്വാവസ്ഥയിലായി. അതിൻെറ ഉടമസ്ഥൻ അത്യധികം സന്തോഷിച്ചു.

രാത്രിയിൽ എല്ലാവരും ഉറക്കത്തിലായപ്പോൾ ആരോ നെടുവീപ്പിടുന്ന ഒരു ശബ്ദം കേൾക്കുകയുണ്ടായി. അതെന്താണെന്നറിയുവാൻ അവരെല്ലാവരും എഴുന്നേററു. പാവകളുടെ ഉടമസ്ഥൻ ആ സത്രത്തിലുണ്ടായിരുന്ന തന്റെ ചെറിയ കൂടാരത്തിലേയ്ക്കു പോയി. അവിടെ നിന്നാണു നെടുവീപ്പിന്റെ ശബ്ദം കേട്ടതു്. രാജ്ഞിയൊഴിച്ചു മററുള്ള പാവകളെല്ലാം എഴുന്നേററു സങ്കടം പറയുന്ന ശബ്ദമായിരുന്നു അതു്. തങ്ങൾക്കും രാജ്ഞിക്കു നൽകപ്പെട്ട ഔഷധം ലഭിക്കുവാനുള്ള ആഗ്രഹത്തിന്റെ ഒരു പ്രകടനമായിരുന്നു അതു്. ആ ഔഷധം ഉപയോഗിച്ചാൽ തങ്ങളും കൂടുതൽ ഉന്മേഷഭരിതരായി രാജ്ഞിയെപ്പോലെയായിത്തീരുമെന്നു് അവർ പറഞ്ഞു.

രാജ്ഞി അയാളുടെ മുമ്പിൽ മുട്ടുകുത്തി, "എന്റെ കിരീടം നിങ്ങൾ എടുത്തുകൊള്ളുക. പകരമായി എന്റെ ഭത്താവിനും എന്റെ കൊട്ടാരത്തിലുള്ള എല്ലാവക്കും ആ ഔഷധം വാങ്ങിക്കൊടുക്കണം." അവൾ അപേക്ഷിച്ചു. പാവകളുടെ ഉടമസ്ഥൻ നിസ്സഹായനായി. അയാൾ ജാണിന്റെ സ്നേഹിതനെ സമീപിച്ചു് "എന്റെ പാവകളിൽ ഏററവും ഭംഗിയുള്ള അഞ്ചെണ്ണത്തിനു നിങ്ങളുടെ ഔഷധംകൊടുക്കയാണെങ്കിൽ അടുത്ത കളിയിൽ കിട്ടുന്ന തുകയെല്ലാം ഞാൻ നിങ്ങൾക്കു നല്കുന്നതാണു്" എന്നു പറഞ്ഞു. ആ സ്നേഹിതൻ, പണത്തിനുപകരം പാവക്കാരന്റെ അരയിൽ തൂങ്ങിയ ഖഡ്ഗം മാത്രം പ്രതിഫലമായി ആവശ്യപ്പെട്ടു. അയാൾ അങ്ങനെ ഔഷധം കൊടുത്തപ്പോൾ ആ പാവകൾ പൂൎവ്വാധികം ഉത്സാഹത്തോടെ ഭംഗിയായി നൃത്തംചെയ്തു. അതു കണ്ടു മറെറല്ലാവരും അവരുടെ നൃത്തത്തിൽ പങ്കെടുത്തുപോയി.

പിറേറന്നു രാവിലെ ജാണും കൂട്ടുകാരനും, കാടുകളും മലകളും കടന്നു വീണ്ടും യാത്ര തുടൻ. വലിയ ഒരന്നം

പറന്നുവന്നു് അവരുടെ മുൻപിൽ വീണു പെട്ടെന്നു മരിച്ചു.

ജാണിൻെറ കൂട്ടുകാരൻ തനിക്കു ലഭിച്ച വാഠം കൊണ്ടു് ആ പക്ഷിയുടെ മനോഹരമായ രണ്ടു ചിറകുകളും മുറിച്ചെടുത്തു. അവർ ആ ചിറകുകളെ വഹിച്ചു കൊണ്ടു വളരെദൂരം സഞ്ചരിച്ചു. അവർ ഒടുവിൽ വലിയ ഒരു നഗരം കാണുകയുണ്ടായി. ആ നഗരത്തിൽ, വലിയ ഗോപുരങ്ങൾ വെള്ളിസ്തംഭങ്ങൾപോലെ ഉയൎന്നു നിന്നിരുന്നു. അതിൻെറ മദ്ധ്യത്തായി രാജാവിൻെറ അരമന കാണപ്പെട്ടു. ആ അരമനയുടെ മേൽക്കൂര സ്വർണ്ണംകൊണ്ടു നിൎമ്മിക്കപ്പെട്ടതായിരുന്നു.

ജാണും സ്നേഹിതനും നഗരത്തിൽ പ്രവേശിക്കാതെ വിശ്രമാൎത്ഥം അതിനു വെളിക്കുള്ള ഒരു സത്രത്തിൽ താമസിച്ചു. രാജാവു് ആരെയും ഉപദ്രവിക്കാത്ത ഒരു നല്ല മനുഷ്യനും, അദ്ദേഹത്തിൻെറ പുത്രി വളരെ ദുഷിച്ചവളുമാണെന്നു് ആ സത്രത്തിൻെറ സൂക്ഷിപ്പുകാരൻ അവരോടു പറഞ്ഞു. ആ രാജകുമാരി സൗന്ദൎയ്യത്തിൽ അനുപമയാണെങ്കിലും ക്രൂരയും ദുർബുദ്ധിയും ദുർവൃത്തയുമായിരുന്നു. അവൾ നിമിത്തം പല രാജകുമാരന്മാരുടെയും ജീവഹാനിയ്ക്കിടയായിട്ടുണ്ടു്. എങ്കിലും തന്നെ സന്ദർശിക്കണമെന്നു് ആഗ്രഹിക്കുന്ന എല്ലാവൎക്കും അവൾ എപ്പോഴും അനുമതി നല്കിയിരുന്നു. രാജകുമാരനോ യാചകനോ എന്നഭേദം ഇക്കാൎയ്യത്തിലുണ്ടായിരുന്നില്ല. സംസാരിക്കുന്ന അവസരത്തിൽ അവളുടെ മൂന്നു വിചാരങ്ങളെന്താണെന്നു് അനുമാനിച്ചു പറഞ്ഞാൽ, അതു തെററിപ്പോകുന്ന പക്ഷം പറയുന്നവനെ തൂക്കിക്കൊല്ലുകയോ, കണ്ടഛേദം ചെയ്തു കൊല്ലുകയോ ആയിരുന്നു പതിവു്. ഇങ്ങനെ കൊല്ലുന്ന കൃത്യം നിൎവ്വഹിച്ചുപോന്നതു വൃദ്ധനായ രാജാവായിരുന്നു. തൻെറ വിചാരങ്ങൾ ഊഹിച്ചു പറഞ്ഞാൽ അതു ശരിയായിരിക്കുന്ന പക്ഷം ആ പറഞ്ഞയാ

ളിനെ തൻെറ പിതാവിൻെറ ചരമത്തിനുശേഷം ആ രാജ്യാധിപനായി നിയമിക്കും എന്നു് അവരം പ്രതിജ്ഞ ചെയ്യിട്ടുണ്ടു്. വധകൃത്യം നടത്തുന്നതിൽ വൃദ്ധനായ രാജാവിനു വളരെ സങ്കടവും വൈമനസ്യവുമാണു് ഉണ്ടായിരുന്നതു്. എന്നാൽ അദ്ദേഹം അങ്ങനെ ചെയ്യുന്നതിനു നിർബ്ബന്ധിതനായിരുന്നു. പുത്രിയുടെ പ്രണയകാര്യങ്ങളിലും കാമുകന്മാരെ തെരഞ്ഞെടുക്കുന്നതിലും താൻ തലയിടുകയില്ലെന്നു വൃദ്ധനായ രാജാവു പ്രതിജ്ഞചെയ്യിരുന്നു. രാജകുമാരന്മാർ അവളെ കാണുവാൻ വരും. അവരോടെല്ലാം രാജകുമാരി അവളുടെ മൂന്നു വിചാരത്തെ ഊഹിച്ചു പറയുവാൻ പറയും. തെററിപ്പറയുന്ന ഓരോരുത്തരെയും ഇങ്ങനെ മരണത്തിന്നിരയാക്കും.

“ദുഷ്ടയായ രാജകുമാരിയെ നല്ലവളാക്കുവാൻ ചാട്ട കൊണ്ടടിക്കണം!” എന്നു ജാൺ പറഞ്ഞു. ഇതുകേട്ട ജനങ്ങരം സന്തോഷത്തോടെ ആർപ്പുവിളിച്ചു.

രാജകുമാരി അതിലേ കടന്നുപോകുകയായിരുന്നു. അവളുടെ അത്ഭുതകരമായ സൗന്ദര്യത്തിൽ ആളുകരം അവളുടെ ദുഷ്ടതയെ മറന്നുപോയി. അവർ ആനന്ദത്തോടെ ആർപ്പുവിളിച്ചുപോയി. വെള്ളപ്പട്ടുവസ്ത്രങ്ങരം അണിഞ്ഞ പന്ത്രണ്ടു സുന്ദരികളായ തരുണികരം രാജകുമാരിക്കു് അകമ്പടിക്കാരായുണ്ടായിരുന്നു. അവർ കറുത്ത കുതിരപ്പുറത്താണു സഞ്ചരിച്ചിരുന്നതു്. രാജകുമാരിയാകട്ടെ, രത്നങ്ങരം പതിച്ച സ്വർണ്ണവസ്ത്രം ധരിച്ചു് ഒരു വെള്ളക്കുതിരപ്പുറത്തു് ഇരിക്കുകയായിരുന്നു. അവളുടെ കൈയിലുണ്ടായിരുന്ന കവിഞ്ചി സൂര്യകിരണംപോലെ പ്രകാശിച്ചു. രാജകുമാരിയുടെ കിരീടം നക്ഷത്രങ്ങളെപ്പോലെ മിന്നി.

രാജകുമാരിയെ കണ്ടമാത്രയിൽ ജാൺ അവളിൽ ആകൃഷ്ടനായി. അച്ഛൻെറ മരണദിവസം ജാൺ സ്വപ്നത്തിൽ കണ്ട സ്വർണ്ണക്കിരീടത്തോടുകൂടിയ കുമാരി

ക്കയപ്പോലെയിരുന്നു ആ രാജകുമാരി. അനിതരസാധാരണമായ ആ സൗന്ദര്യം ആസ്വദിച്ചപ്പോൾ ജോണിന് അവളെ സ്നേഹിക്കാതിരിക്കുവാൻ കഴിയാതായി. അവളുടെ ദുഷ്ടതയെ സംബന്ധിച്ചു കേട്ട കഥ അവാസ്തവമായിരിക്കണെമെന്നു് അവൻ വിചാരിച്ചു. എല്ലാവൎക്കും രാജകുമാരിയെ കാണുവാൻ അനുമതിയുണ്ടായിരുന്നതിനാൽ തനിക്കും അവളെ സന്ദൎശിക്കണമെന്നു ജോൺ ആഗ്രഹിച്ചു. അങ്ങനെ രാജകുമാരിയെ സന്ദൎശിക്കരുതെന്നും, സന്ദൎശിച്ചാൽ മററുള്ളവർ അനുഭവിച്ച ദുൎവ്വിധി അനുഭവിക്കേണ്ടിവരുമെന്നും ജോണിനോടു പലരും ഉപദേശിച്ചു. രാജകുമാരിയെ സന്ദൎശിക്കാൻ പോകരുതെന്നു് സ്നേഹിതനും പറഞ്ഞുനോക്കി. ആരുടെയും ഉപദേശം ജോൺ സ്വീകരിച്ചില്ല. അവൻ കൈകാലുകളും മുഖവും കഴുകി, കോട്ടും ബൂട്ട്സും ധരിച്ചു്, തന്റെ മനോഹരമായ മഞ്ഞത്തലമുടി ചീകിവച്ചു് ആരുടെയും ഉപദേശം കേൾക്കാതെ ഒററയ്ക്കു കൊട്ടാരത്തിലേക്കു പോയി.

ജോൺ കതകിൽ മുട്ടിയപ്പോൾ അകത്തു കടന്നുവരുവാൻ വൃദ്ധനായ രാജാവു പറഞ്ഞു. കതകുകൾ തുറക്കപ്പെട്ടു. ജോൺ തന്റെ മോശമായ വസ്ത്രങ്ങളോടും പാദുകകളോടുംകൂടി അകത്തു കടന്നുചെന്നതിന്റെ ഉദ്ദേശ്യം ധരിപ്പിച്ചു. രാജാവിന്റെ കൈയിലിരുന്ന ചെങ്കോൽ നിലംപതിച്ചു. അദ്ദേഹത്തിന്റെ കണ്ണുകളിൽ വെള്ളം നിറഞ്ഞു.

"നീ അവളെ കാണരുതു്. കണ്ടാൽ മററുള്ളവരുടെ വിധി നീയും അനുഭവിക്കും..................കണ്ടേതീരുവെങ്കിൽ വരിക." രാജാവു ജോണിനെ രാജകുമാരി വിനോദിക്കാറുണ്ടായിരുന്ന പൂന്തോട്ടത്തിലേയ്ക്കു നയിച്ചു. അവൻ അവിടെ കണ്ടതു ഭയാനകമായ ഒരു കാഴ്ചയായിരുന്നു. ആ തോട്ടത്തിലെ ചില മരങ്ങളിൽ മൂന്നുനാലു രാജകുമാരന്മാർ തൂങ്ങിനില്ക്കുന്നുണ്ടായിരുന്നു. രാജകുമാരിയുടെ

വിചാരങ്ങളെന്താണെന്നു് ഊഹിച്ചു പറയുന്നതിൽ പരാജയപ്പെട്ടവരായിരുന്നു അവർ. കാററടിക്കുമ്പോൾ ആ അസ്ഥികൂടങ്ങൾ കിലുകിലാ ആടിക്കൊണ്ടിരുന്നതിനാൽ പക്ഷികളൊന്നും അവിടെ പറന്നു പററിയിരുന്നില്ല. വൃദ്ധനായ രാജാവു ജാണിനെ പിന്തിരിപ്പിക്കാൻ പണിപ്പെട്ടു പലതും പറഞ്ഞു. ജാൺ രാജാവിൻെറ കരം ചുംബിച്ചുവെങ്കിലും അവൻെറ നിശ്ചയത്തിൽനിന്നു് ഇളകിയില്ല. എല്ലാം ശരിയായിത്തീരുമെന്നു് അവനു അഭിപ്രായപ്പെട്ടു.

രാജകുമാരി കുതിരപ്പുറത്തുകയറി അരമനയുടെ അങ്കണത്തിൽ വന്നു. ജാൺ അവൾക്കു ഹസ്തദാനംചെയ്തു. അപ്പോൾ അവനു പൂർവ്വാധികം സ്നേഹം അവളിൽതോന്നി. അവർ ഒന്നിച്ചു" അവളുടെ മുറിയിലേയ്ക്കു പോയി. പിറേറന്നു രാവിലെ വരാൻ അവൾ ജാണിനോടു പറഞ്ഞു. അവൻ പറയുന്ന മറുപടി ശരിയാണോ എന്നു പരിശോധിച്ചറിയുവാൻ ന്യായാധിപന്മാരുടെ കൗൺസിൽ സന്നിഹിതമായിരിക്കുമെന്നു" അവനെ അറിയിക്കുകയും ചെയ്തു. അവൻെറ ഉത്തരം ശരിയായിരിക്കുന്ന പക്ഷം അവനു രണ്ടു പ്രാവശ്യംകൂടി അവിടെ വരേണ്ടിവരും. അങ്ങനെ ഒന്നിലധികം തവണ അവിടെ ആരും വരാനിടയായിട്ടില്ല.

അടുത്ത പ്രഭാതത്തെയും പ്രതീക്ഷിച്ചു ജാൺ കഴിഞ്ഞു. ജാൺ പോകരുതെന്നു പിന്നെയും പലതവണ സ്നേഹിതൻ ഉപദേശിച്ചു. സഞ്ചാരിയായ സ്നേഹിതൻ ജാണിനെ അത്രത്തോളം സ്നേഹിച്ചിരുന്നു. അവർ തമ്മിൽ സുദൃഢമായ മൈത്രിയാണുണ്ടായിരുന്നതു്. അതു നഷ്ടപ്പെടുന്നതിൽ ആ സ്നേഹിതനു കഠിനമായ മനസ്താപം തോന്നി. ജാൺ രാജകുമാരിയെ കാണുവാൻ പോകുന്നുവെന്ന വാർത്ത നഗരത്തിലെങ്ങും പരന്നു. അതറിഞ്ഞവരെല്ലാം ജാണിൻെറ ദുർവ്വിധിയിൽ സങ്കട

പ്പെട്ടു. രാജകുമാരിയാൽ ആകൃഷ്ടനായിരുന്നതിനാൽ ജാൺ അവളെ കാണുവാൻതന്നെ ദൃഢനിശ്ചയം ചെയ്തിരുന്നു. അവന്റെ കൂട്ടുകാരന്റെ ഉപദേശങ്ങളെല്ലാം വിഫലങ്ങളായി. അന്നു രാത്രി ജാണിനെ അവന്റെ കൂട്ടുകാരൻ ഒരു മരുന്നുകൊടുത്ത് ഉറക്കിക്കിടത്തി. അനന്തരം ചിറകുകൾ ഇരുഭുജങ്ങളിലും വച്ചു കെട്ടി, കാലൊടിഞ്ഞ ആ സ്ത്രീയിൽനിന്നു ലഭിച്ച ഇലകൾ കീശയിലിട്ട്, ആ കൂട്ടുകാരൻ പറന്നു രാജകുമാരി ഉറങ്ങുന്ന മുറിയുടെ ജന്നലിനു മുകളിൽ ചെന്നിരുന്നു. പാതിരാത്രിയായപ്പോൾ രാജകുമാരി ജന്നൽ തുറന്ന് അകലെയുള്ള പർവ്വതത്തിലേയ്ക്കു പറന്നുപോയി. ആ സഞ്ചാരി അവളെ അനുഗമിച്ചു. അയാളുടെ പക്കലുണ്ടായിരുന്ന ഇലകളുടെ അത്ഭുതശക്തികൊണ്ടു്, തന്നെ അവൾക്കു കാണാൻ കഴിയാതാക്കിത്തീർത്തു.

രാജകുമാരി പർവ്വതത്തിലെത്തിയപ്പോൾ അത്ഭുതപ്പെടുത്തുന്ന വലിയൊരു ശബ്ദം കേൾക്കുകയുണ്ടായി. അവൾ അതിനുള്ളിലേക്കു കടന്നു. സഞ്ചാരിയും അവളെ അനുഗമിച്ചു. അവർ ഭൂഗർഭത്തിൽക്കൂടി വളരെദൂരം സഞ്ചരിച്ച് വിശാലമായ ഒരു ഹാളിലെത്തി. അവിടെ അനേകം പുഷ്പങ്ങൾ ചുവരുകളിൽ നിന്നിരുന്നു. അവ സർപ്പങ്ങളുടെ വായിൽനിന്നുള്ള അഗ്നിനാളങ്ങളായിരുന്നതിനാൽ ആർക്കും പറിച്ചെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. ആ വിശാലമായ മുറിയുടെ നടുവിൽ ഒരു മാന്ത്രികൻ ഒരു സിംഹാസനത്തിൽ ഇരിക്കുന്നുണ്ടായിരുന്നു. അയാൾ രാജകുമാരിയുടെ നെററിത്തടത്തിൽ ചുംബിച്ചുകൊണ്ടു് അവളെ ആ സിംഹാസനത്തിന്റെ ഒരു ഭാഗത്ത് ഇരുത്തി. അനന്തരം അവിടെ മധുരമായ സംഗീതം മുഴങ്ങി. ജാണിന്റെ കൂട്ടുകാരനെ ആരും കണ്ടില്ല. അയാൾ സിംഹാസനത്തിന്റെ പുറകിൽ സ്ഥലംപിടിച്ചിരിക്കുകയായിരുന്നു.

പാട്ടും നൃത്തവുമെല്ലാം അവസാനിച്ചപ്പോൾ രാജകുമാരി തന്നെ സന്ദർശിക്കുവാൻ വന്നിട്ടുള്ള പുതിയആളിനെപ്പററി മാന്ത്രികനോട് പറഞ്ഞു. "കൊള്ളാം; സന്ദർശനം നടക്കട്ടെ. അപ്പോൾ നീ നിൻെറ പാദുകകളെപ്പററി വിചാരിക്കണം. ആ വിചാരം അയാൾക്ക് ഊഹിക്കാൻ കഴിയുകയില്ല. അവൻെറ തല വെട്ടണം. അവൻെറ കണ്ണു കുത്തിപ്പൊട്ടിച്ച് നാളെ രാത്രി നീ ഇവിടെ വരുമ്പോൾ കൊണ്ടുവരണം. ഞാൻ അതു ഭക്ഷിക്കുന്നതാണ്" എന്നു മാന്ത്രികൻ മറുപടി പറഞ്ഞു.

അനന്തരം മാന്ത്രികൻ മലയുടെ വാതിൽ തുറന്നു കൊടുത്തു. രാജകുമാരി അതിവേഗത്തിൽ പറന്ന് അവളുടെ ഉറക്കറയിൽ കടന്നു. ജാണിൻെറ സ്നേഹിതൻ അവൾ അറിയാതെ അനുഗമിക്കുന്നുണ്ടായിരുന്നു. അയാൾ നേരെ സത്രത്തിൽ കടന്ന് ഉറങ്ങിക്കിടന്ന ജാണിൻെറ സമീപത്തു ചെന്നു. ജാൺ ഉണർന്നപ്പോൾ നേരം പുലർന്നു. രാജകുമാരിയേയും അവളുടെ പാദുകയേയുംകുറിച്ചു താൻ കണ്ട സ്വപ്നത്തെപ്പററി സ്നേഹിതൻ ജാണിനെ അറിയിച്ചു. "അവൾ ചോദിക്കുമ്പോൾ, അവളുടെ വിചാരം തൻെറ പാദുകയെക്കുറിച്ചാണെന്ന് നീ മറുപടി പറയണം."

"ഞാൻ എന്തെങ്കിലും പറയും. ദൈവം എന്നെ സഹായിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എൻെറ മറുപടി ശരിയാകുന്നില്ലെങ്കിൽ നമുക്കുതമ്മിൽ ഇനി കാണാൻ സാദ്ധ്യമല്ല." അവർ പരസ്പരം ആശ്ലേഷിച്ചു. ജാൺ കൊട്ടാരത്തിലേയ്ക്കു പോയി. അവിടെ ന്യായാധിപന്മാരും മററനേകം ആളുകളും ഇരിക്കുന്നുണ്ടായിരുന്നു. രാജകുമാരി പ്രവേശിച്ച് എല്ലാവരേയും അഭിവാദനം ചെയ്തു.

അവൾ വിചാരിക്കുന്നതെന്താണെന്നു ജാണിനു പറയുവാനുള്ള സമയം ആയി. 'പാദുക' എന്ന് അവൻ

പറഞ്ഞതുകേട്ടപ്പോൾ അവൾ വിളറി വിറച്ചു. അതുകൊണ്ടൊന്നും ഫലമുണ്ടായിരുന്നില്ല. എല്ലാവരും ജാണിനെ അഭിനന്ദിച്ചു കൈയടിച്ചു. അടുത്ത ദിവസം അവൻ പിന്നെയും അവളുടെ വിചാരം ഊഹിച്ചു പറയേണ്ടിയിരുന്നു. മുൻപിലത്തെപ്പോലെ രാജകുമാരി രാത്രിയായപ്പോൾ മാന്ത്രികന്റെ അടുക്കലേക്കു പറന്നുപോയി. ജാണിന്റെ കൂട്ടുകാരനും മറ്റുള്ള ആരും കാണാതെ പിന്തുടർന്നു. ഇത്തവണ തന്റെ ഉടുപ്പിനെപ്പററി വിചാരിക്കാൻ അവളോടു മാന്ത്രികൻ പറഞ്ഞു. മുൻപിലത്തെ വിധത്തിൽ ജാൺ അതും പറഞ്ഞൊപ്പിച്ചു. കൊട്ടാരത്തിൽ വീണ്ടും ആഹ്ലാദം അലതല്ലി.

മൂന്നാമത്തെ പ്രാവശ്യവും രാജകുമാരി മാന്ത്രികനെ സമീപിച്ചു. ജാണിന്റെ കൂട്ടുകാരനും ഉണ്ടായിരുന്നു. "ഇത്തവണ അയാൾക്കു ഊഹിക്കാൻ കഴിയാത്ത ഒന്നിനെപ്പററി ഞാൻ പറയാം" എന്നു പറഞ്ഞു് അവളോടൊന്നിച്ചു മാന്ത്രികനും കൊട്ടാരത്തിലേക്കു പറന്നു. സഞ്ചാരിയായ കൂട്ടുകാരൻ അവരോടൊന്നിച്ചു പറന്നതു് അവർ കണ്ടില്ല. രാജകുമാരി ഉറക്കറയിൽ കടക്കാൻ ഭാവിച്ചപ്പോൾ മാന്ത്രികൻ പറഞ്ഞു: "എന്റെ തലയെപ്പററി വിചാരിച്ചുകൊള്ളുക." അവൻ മടങ്ങിപ്പോവാൻ ഭാവിച്ചപ്പോൾ ജാണിന്റെ കൂട്ടുകാരൻ അവനെ പിടിച്ചു് അവന്റെ തല വെട്ടിയെടുത്തു് ഒരു തുണിയിൽ പൊതിഞ്ഞുകൊണ്ടു ജാണിന്റെ അടുക്കലേക്കു പോയി.

രാജകുമാരി ചോദിക്കുമ്പോൾ മാത്രമേ അതു് അഴിക്കാൻ പാടുള്ളു എന്നു പറഞ്ഞു് സ്നേഹിതൻ ആ കെട്ടു ജാണിനു കൊടുത്തു.

"എന്താണു് എന്റെ വിചാരം?" എന്നു രാജകുമാരി ചോദിച്ചു. ജാൺ ആ കെട്ടു് അഴിച്ചു. അതിലുണ്ടായിരുന്ന വികൃതമായ ശിരസ്സു് അവനെത്തന്നെ ഭയ

പ്പെടുത്തി. എല്ലാവരും പേടിച്ചുപോയി. രാജകുമാരി അവിടെ മറ[illegible]ച്ചിരുന്നു. "നീയാണു് എന്റെ വല്ലഭൻ" എന്നു പറഞ്ഞു രാജകുമാരി ജോണിനു കൈകൊടുത്തു. "ഇന്നു രാത്രി നമ്മുടെ വിവാഹം നടക്കും." അവരും അവനെ അറിയിച്ചു.

അങ്ങനെ അവരുടെ വിവാഹം സാഘോഷം നടത്തപ്പെട്ടു. കൊട്ടാരത്തിലുള്ള എല്ലാവരും അതിൽ ആഹ്ളാദത്തോടെ പങ്കെടുത്തു.

ജോണിന്റെ കൂട്ടുകാരൻ ആ ഭാര്യാഭർത്താക്കന്മാരെ കാണുവാൻ വന്നു. ജോൺ അയാളെ പിടിച്ച് ആലിംഗനംചെയ്തു. തന്നോടൊന്നിച്ചുതന്നെ താമസിക്കണമെന്നു ജോൺ കൂട്ടുകാരനോടു പറഞ്ഞു. "എനിക്കു മടങ്ങിപ്പോകണം. അതിനുള്ള സമയമായി. ഞാൻ ഒരു പ്രത്യുപകാരം മാത്രമേ ചെയ്തിട്ടുള്ളു. ആ പള്ളിയിൽ ഒരു ശവം കിടന്നിരുന്നതു നീ ഓർക്കുന്നില്ലേ? നീയാണു് അതിനെ ആ ദുഷ്ടന്മാരിൽനിന്നു രക്ഷിച്ചതു്. ആ ശവം എന്റെ ശവമായിരുന്നു."

വൃദ്ധനായ രാജാവിന്റെ കാലം കഴിഞ്ഞപ്പോൾ ജോൺ ആ രാജ്യത്തിന്റെ അവകാശിയായി വളരെക്കാലം ഭരണം നടത്തി.

UPP